2023
MAY
17
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ആഗോള ടൂറിസം മേഖല പൂർവസ്ഥിതിയിലേക്ക്



**കൊച്ചി:** ആഗോളോതലത്തിൽ വിനോദസഞ്ചാര മേഖല കോവിഡിനു മുൻപത്തെ സ്ഥിതിയിലേക്ക്. 2022ലെ ആദ്യ പാദവുമായി താരതമ്യം ചെയ്യുമ്പോൾ രാജ്യാന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2023 ൽ ഇരട്ടിയിലേറെയാണു വർധനയെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ജനുവരി മുതൽ മാർച്ച് വരെയുള്ള രാജ്യാന്തര വിനോദസഞ്ചാരികളുടെ എണ്ണം 23.5 കോടിയാണ്. കോവിഡിനു മുൻപത്തെ സഞ്ചാരികളുടെ എണ്ണത്തിന്റെ 80 ശതമാനമാണിത്. മിഡിൽ ഈസ്റ്റിൽ സഞ്ചാരികളുടെ എണ്ണം 2019ലെക്കാൾ 15% കൂടി. യൂറോപ്പിലെത്തുന്ന സഞ്ചാരികളുടെ എണ്ണം 2019ന്റെ 90% ആയി. അമേരിക്കയിൽ 85% എത്തി. ആഫ്രിക്കയിൽ 88%. ഏഷ്യ പസിഫിക് മേഖലയിൽ 2019നെ അപേക്ഷിച്ച് 54% രാജ്യാന്തര സഞ്ചാരികളേ എത്തിയിട്ടുള്ളു എന്നും കണക്കുകൾ വ്യക്തമാക്കുന്നു. 2022ലെ ആകെ വിദേശ ടൂറിസ്റ്റുകൾ 2019ലെ എണ്ണത്തിന്റെ 66% എത്തിയിരുന്നു. ആഗോള ടൂറിസം വരുമാനം ഒരു ലക്ഷം കോടി ഡോളർ കടക്കുകയും ചെയ്തു. 2021നെ അപേക്ഷിച്ച് 50 ശതമാനമായിരുന്നു വളർച്ച.

കേരളത്തിലെ ചില വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ 2019ൽ എത്തിയതിനെക്കാൾ സഞ്ചാരികൾ ഇപ്പോൾ എത്തുന്നുണ്ട്. എന്നാൽ വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ കാര്യമായ വർധനയില്ലെന്നും സംഘടനകൾ പറയുന്നു.

# ഓഹരി വിപണി 5 മാസത്തെ ഉയർന്ന നിലയിൽ



**മുംബൈ:** വിദേശനിക്ഷേപരുടെ കൈപിടിച്ച് രാജ്യത്തെ ഓഹരി വിപണി സൂചികകൾ 5 മാസത്തെ ഉയർന്ന നിലവാരത്തിൽ. നാഷനൽ സ്റ്റോക് എക്സ്ചേഞ്ച് സൂചികയായ നിഫ്റ്റി വ്യാപാരത്തിനിടെ 18400 പോയിന്റ് കടന്നു മുന്നേറി. ബോംബെ സ്റ്റോക് എക്സ്ചേഞ്ച് സൂചികയായ സെൻസെക്സ് 62,345.71 പോയിന്റിലാണ് വ്യാപാരം അവസാനിപ്പിച്ചത്. 2022 ഡിസംബർ 14 നു ശേഷമുള്ള ഏറ്റവും ഉയർന്ന ക്ലോസിങ് നിലവാരമാണിത്. വ്യാപാരത്തിനിടെ 534.7 പോയിന്റ് വരെ ഉയർന്ന സെൻസെക്സ് 371.8 പോയിന്റ് നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. 84 പോയിന്റാണ് നിഫ്റ്റിയുടെ ഇന്നലത്തെ നേട്ടം. 23,152 കോടിയുടെ നിക്ഷേപമാണ് വിദേശനിക്ഷേപകർ (എഫ്ഐഐ) മാസത്തിന്റെ ആദ്യ പകുതിയിൽ ഇന്ത്യൻ ഓഹരി വിപണികളിൽ നടത്തിയത്. മറ്റ് ഏഷ്യൻ വിപണികൾ നേട്ടമുണ്ടാക്കിയതും ഇന്ത്യൻ വിപണികൾക്കു കരുത്തായി. വിലക്കയറ്റത്തോത് റിസർവ് ബാങ്കിന്റെ ലക്ഷ്യത്തോടടുക്കുന്നതും വിപണികളുടെ കുതിപ്പിനു കരുത്തു പകർന്നു.

നാലാം പാദത്തിൽ 5480 കോടി രൂപയുടെ ലാഭം രേഖപ്പെടുത്തിയ ടാറ്റാ മോട്ടോഴ്സായിരുന്നു ഇന്നലത്തെ താരം. മൂന്നു ശതമാനത്തിലേറെ ഓഹരികൾ നേട്ടമുണ്ടാക്കിയ ഓഹരികൾ 52 ആഴ്ചയിലെ ഏറ്റവും ഉയർന്ന നിലവാരത്തിലെത്തി. ആഭ്യന്തര ഡിമാൻഡ് ഉയർന്നതും വിതരണ ശൃംഖലയിലെ സങ്കീർണതകൾ കുറഞ്ഞതുമാണ് ടാറ്റയുടെ ലാഭം കൂട്ടിയത്. ടാറ്റ സ്റ്റീൽ, ഐടിസി, എൽ ആൻഡ് ടി, ഇൻഫോസിസ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര എന്നീ ഓഹരികളും മികച്ച നേട്ടമുണ്ടാക്കി. മാരുതി, ബജാജ് ഫിനാൻസ്, ഏഷ്യൻ പെയിന്റ്സ്, നെസ്‌ലെ തുടങ്ങിയ ഓഹരികൾ ഇടിഞ്ഞു.

## സാമ്പത്തിക ബാധ്യത: ചേർത്തല ഓട്ടോക്കാസ്റ്റ് പ്രതിസന്ധിയിൽ

**ആലപ്പുഴ:** ഇരുമ്പ് ഉരുക്ക് നിർമാണശാലയായ ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിലെ ഉദ്യോഗസ്ഥ-യൂണിയൻ കൂട്ടുകെട്ടിൽ തകർച്ചയിലേക്ക്. ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത മൂലം 655 ട്രെയിൻ ബോഗികളുടെ നിർമാണം വൈകുന്നു. 23 കോടിയുടെ ഓർഡറാണു പ്രവർത്തന മൂലധനമില്ലാത്തതു കാരണം പൂർത്തിയാക്കാൻ കഴിയാത്തത്. നേരത്തെ 300 മുതൽ 400 ടൺ വരെ പ്രതിമാസം ഉൽപാദനം നടന്നിരുന്ന ഇവിടെ ഇപ്പോൾ 50 ടൺ പോലും നടക്കുന്നില്ല. കുറഞ്ഞത് 100 ടൺ ഉൽപാദനം നടന്നാൽ മാത്രമേ ശമ്പളം കൊടുക്കാനുള്ള വരുമാനമെങ്കിലും ലഭിക്കുകയുള്ളൂ. ഇതുകാരണം തൊഴിലാളികൾക്കു ശമ്പളം രണ്ടു മാസമായി കുടിശികയാണ്.

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ 10 കോടി രൂപ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഓട്ടോകാസ്റ്റ് അധികൃതർ പറയുന്നു. ഇതിനു പുറമേ ഒറ്റത്തവണ സർക്കാർ സഹായം വാങ്ങി സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികളും ആലോചനയിലുണ്ട്.

2020ലാണു ബോഗി നിർമാണത്തിനായി ഓട്ടോകാസ്റ്റിന് ആദ്യ കരാർ ലഭിക്കുന്നത്. നിർമിച്ചു നൽകിയ 31 കാസ്നബ് ബോഗികൾ ഉന്നത നിലവാരമുള്ളവയെന്നു പ്രശംസ നേടിയതോടെയാണു കൂടുതൽ ഓർഡറുകളെത്തിയത്. പ്രതിമാസം ശമ്പള ഇനത്തിൽ 1.23 കോടിയോളം രൂപ ആവശ്യമാണ്. 2016നു ശേഷം വിരമിച്ച ജീവനക്കാർക്കു പെൻഷൻ ആനുകൂല്യങ്ങളും നൽകിയിട്ടില്ല. നൂറിലധികം ജീവനക്കാരെ മുൻപു പിരിച്ചുവിട്ടിരുന്നു. കെഎസ്ഇബിക്കു 48.48 കോടി രൂപയും പിഎഫ്, ഗ്രാറ്റുവിറ്റി, എക്സൈസ് തീരുവ എന്നിങ്ങനെ 22 കോടി രൂപയും ഓട്ടോകാസ്റ്റിനു ബാധ്യതയുണ്ട്.

## എസ്ബിഐ കാർഡിന് 25 വയസ്സ്

**മുംബൈ:** രാജ്യത്ത് ക്രെഡിറ്റ് കാർഡ് പേയ്മെന്റ് സംവിധാനം ജനകീയമാക്കിയ എസ്ബിഐ കാർഡിന് 25 വയസ്സ്. 1998 ൽ ആണ് എസ്ബിഐ കാർഡ്സ് ക്രെഡിറ്റ് കാർഡ് അവതരിപ്പിക്കുന്നത്. 60ൽ അധികം വിഭാഗങ്ങളിലുള്ള ക്രെഡിറ്റ് കാർഡുകൾ എസ്ബിഐക്കുണ്ട്. മാർച്ച് അവസാനം വരെ കമ്പനി 16 ദശലക്ഷം കാർഡുകളാണിറക്കിയത്. 25 ാം പിറന്നാളിനോടനുബന്ധിച്ച് ഒട്ടേറെ ഓഫറുകളും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്.

## അദാനി ക്കെതിരെ 2016 മുതൽ അന്വേഷണമെന്ന വാദം തെറ്റെന്ന് സെബി

**ന്യൂഡൽഹി:** അദാനി ഗ്രൂപ്പ് കമ്പനികൾക്കെതിരെ തങ്ങൾ 2016 മുതൽ അന്വേഷണം നടത്തുന്നുവെന്ന വാദം തെറ്റാണെന്ന് സെബി സുപ്രീംകോടതിയെ അറിയിച്ചു. അദാനി ഹിൻഡൻബർഗ് വിവാദത്തിൽ അന്വേഷണം വേണമെന്നാവശ്യപ്പെട്ടുള്ള കേസിൽ ഹർജിക്കാരനു വേണ്ടി മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ ഈ വാദം ഉന്നയിച്ചിരുന്നു. ഓഹരി വിപണി നിയന്ത്രണ ഏജൻസിയായ സെബി, സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് 51 കമ്പനികൾക്കെതിരെ 2016 മുതൽ അന്വേഷണം നടത്തുന്നുണ്ടെന്നും ഇതിൽ അദാനിയുടെ കമ്പനികളും ഉൾപ്പെടുന്നുവെന്നുമായിരുന്നു വാദം. ഇത് തെറ്റാണെന്ന് സെബി കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.



# തിരുവനന്തപുരം അങ്കമാലി ദേശീയപാത നിർമാണം; കോട്ടയത്തും കൊച്ചിയിലും പ്രോജക്ട് ഓഫിസ്

**തിരുവനന്തപുരം:** നിർദിഷ്ട തിരുവനന്തപുരം അങ്കമാലി ദേശീയപാതയ്ക്കു (എൻഎച്ച് 183) വേണ്ടി കോട്ടയവും കൊച്ചിയും കേന്ദ്രീകരിച്ചു പുതിയ പ്രോജക്ട് ഓഫിസ് ആരംഭിച്ചു. തിരുവനന്തപുരം പ്രോജക്ട് ഓഫിസിനു കീഴിലുണ്ടായിരുന്ന ദേശീയപാത 66 ലെ തുറവൂർ പറവൂർ, പറവൂർ കൊറ്റുകുളങ്ങര റീച്ചുകളും കൊച്ചി പ്രോജക്ട് ഓഫിസിനു കീഴിലുണ്ടായിരുന്ന അരൂർ തുറവൂർ റീച്ചും കൊച്ചിൻ പ്രോജക്ട് ഓഫിസിനു കീഴിലേക്കു മാറ്റി.



രണ്ടു പ്രോജക്ട് ഓഫിസുകളിലും പ്രോജക്ട് ഓഫിസർമാരെയും നിയമിച്ചു. ഇവർക്കു പുതിയ ഓഫിസ് കണ്ടെത്താനുള്ള ശ്രമം തുടങ്ങി. പുതിയ തസ്തികകളും അനുവദിക്കും.പൂർണമായും പുതിയ പാതയായി നിർമിക്കുന്ന (ഗ്രീൻഫീൽഡ്) തിരുവനന്തപുരം അങ്കമാലി ദേശീയപാതയുടെ നടപടികൾ തിരുവനന്തപുരം പ്രോജക്ട് ഓഫിസിനു കീഴിലാണ് തുടങ്ങിയത്. എന്നാൽ, ആറു ജില്ലകളിലൂടെ കടന്നു പോകുന്ന ദേശീയപാത ആയതിനാൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും തിരുവനന്തപുരം പ്രോജക്ട് ഓഫിസിലെ തിരക്കു കുറയ്ക്കാനുമാണ് പുതിയ പ്രോജക്ട് ഓഫിസ് ആരംഭിച്ചത്.

തിരുവനന്തപുരം പ്രോജക്ട് ഓഫിസിനു കീഴിൽ കായംകുളം കൊറ്റുകുളങ്ങര മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 66 ന്റെ റീച്ചുകൾ, കൊല്ലം,ചെങ്കോട്ട ഗ്രീൻ ഫീൽഡ് ദേശീയപാത, തിരുവനന്തപുരം ഔട്ടർ റിങ് റോഡ് എന്നിവയുടെ നിർമാണം വിവിധ ഘട്ടങ്ങളിലാണ്.

നിലവിൽ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ദേശീയപാതകൾക്ക് എവിടെയെങ്കിലും ആവശ്യമായ 45 മീറ്റർ വീതി ഇല്ലെങ്കിലും നിർമാണം നിർത്തേണ്ടതില്ലെന്നു ദേശീയപാത അതോറിറ്റി നിർദേശിച്ചു. 45 മീറ്ററിൽ ആറു വരി പാതയായി നിർമാണം പുരോഗമിക്കുന്ന എൻഎച്ച് 66 ഉൾപ്പെടെയുള്ള റോഡുകൾക്കായി സ്ഥലം ഏറ്റെടുത്തപ്പോൾ സാങ്കേതിക പിഴവു കാരണം ചിലയിടങ്ങളിൽ 45 മീറ്റർ വീതി ലഭിക്കുന്നില്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

സ്ഥലം ഏറ്റെടുത്തപ്പോൾ സ്കെച്ചിലും അലൈൻമെന്റിലും ഉണ്ടായ പിഴവു കാരണവും അതിർത്തിക്കല്ല് മാറ്റിസ്ഥാപിച്ച് കയ്യേറ്റം നടത്തിയതു കാരണവുമാണ് ചിലയിടങ്ങളിൽ വീതി ഇല്ലാതായത്. 41.5 മീറ്റർ വീതി ലഭിക്കുമെങ്കിൽ പ്രധാന റോഡിന്റെ നിർമാണം തുടരാനും സർവീസ് റോഡ് നിർമാണം ആരംഭിക്കുമ്പോഴേക്കും കയ്യേറ്റം ഒഴിപ്പിച്ചും ആവശ്യമെങ്കിൽ പുതിയ വിജ്ഞാപനം പുറത്തിറക്കി സ്ഥലം ഏറ്റെടുത്തും ആവശ്യമായ വീതി കണ്ടെത്താനുമാണ് നിർദേശം.

## വന ഗവേഷണ സ്ഥാപനത്തിൽ പ്രൊജക്റ്റ് ഫെല്ലോ

**തൃശ്ശൂർ:** കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രൊജക്റ്റ് ഫെല്ലോ തസ്തികയിലേക്ക് ഒഴിവ്. അഞ്ചുവർഷം കാലാവധിയുള്ള ഗവേഷണ പദ്ധതിയിലേക്കാണ് അവസരം. രണ്ട് ഒഴിവുകൾ ഉണ്ട്.

അഗ്രികൾച്ചർ/ഫോറസ്ട്രി/എൻവയോൺമെൻറൽ സയൻസ്/എൻവയോൺമെൻറൽ ടെക്നോളജി എന്നിവയിൽ ഒന്നാം ക്ലാസ് പോസ്റ്റ് ബിരുദമാണ് അവശ്യ യോഗ്യത. ഫീൽഡ് ശേഖരണത്തിലും ലാബ് വിശകലനത്തിലുമുള്ള ഗവേഷണം അഭികാമ്യ യോഗ്യതയാണ്. പ്രതിമാസം ഫെല്ലോഷിപ്പ് 22,000രൂപ. പ്രായപരിധി 01.01.2023ന് 36 വയസ്സ് കവിയരുത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അഞ്ചും മറ്റു പിന്നോക്ക വിഭാഗക്കാർക്ക് മൂന്നുവർഷവും നിയമാനുസൃത വയസിളവ് ലഭിക്കും.

യോഗ്യരായ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കേരള വന ഗവേഷണ സ്ഥാപനത്തിൻറെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ നടത്തുന്ന ഇൻറർവ്യൂവിൽ 22ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് പങ്കെടുക്കണം.




# അരൂർ, തുറവൂർ ആകാശപ്പാത നിർമാണം അഴിയാതെ കുരുക്ക്; ഒഴിയാതെ അപകടങ്ങൾ

**തുറവൂർ:** അരൂർതുറവൂർ ആകാശപ്പാതയുടെ നിർമാണം നടക്കുമ്പോൾ ഗതാഗതക്കുരുക്കും അപകടങ്ങളും പതിവായി.ദേശീയപാത നിർമാണം ഏറ്റെടുത്ത് 5 മാസത്തിനുള്ളിൽ അരൂർ, തുറവൂർ നാലുവരിപ്പാതയിൽ 16 അപകടങ്ങളിൽ 6 പേരാണ് മരിച്ചത്. പത്തിലേറെപ്പേർക്ക് പരുക്കുമേറ്റു. അരൂർ മുതൽ തുറവൂർ വരെ 12.5 കിലോമീറ്ററിലാണ് ആകാശപ്പാത നിർമിക്കുന്നത്. ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കാൻ നടപടി എടുക്കാൻ കലക്ടർ ഹരിത വി.കുമാർ സ്ഥലം സന്ദർശിച്ചു. ഗതാഗതം തിരിച്ചു വിടേണ്ടിവന്നാൽ പകരമായി ഉപയോഗിക്കേണ്ട അരൂക്കുറ്റിതൈക്കാട്ടുശേരി വഴി തുറവൂർ എത്തിച്ചേരുന്ന റോഡും എഴുപുന്നയിൽ നിന്നു തീരദേശപാതയിലൂടെ ചാവടിവഴി തുറവൂരി!ൽ എത്തുന്ന റോഡും സന്ദർശിച്ചു. ഈ റോഡിൽ ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നിർമാണ കമ്പനി അധികൃതരോട് നിർദേശിച്ചിരുന്നു. നിർദേശം നൽകിയിട്ട് ഒരാഴ്ചയായി.

വാഹനങ്ങൾ വഴി തിരിച്ചുവിടുമ്പോൾ ദീർഘദൂര വാഹനങ്ങൾക്ക് വഴി തെറ്റാതിരിക്കാൻ ഇടറോഡുകളിലെ ചില ഭാഗങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിച്ചതല്ലാതെ തുടർ നടപടി ഒന്നുമായില്ല.നിലവിൽ തുറവൂർ കോടംതുരുത്ത്, അരൂർ എന്നിവിടങ്ങളിലാണ് നിർമാണ പ്രവർത്തനം നടക്കുന്നത്. ജോലിയുടെ സംരക്ഷണത്തിനായി നാലുവരി പ്പാതയിൽ പാതയുടെ ഇരുവശങ്ങളിലും രണ്ടുവരിപ്പാത ഇരുമ്പ് ബാരിക്കേഡ് സ്ഥാപിച്ച് റോഡ് ചുരുക്കി. ഇതോടെ പാതയിൽ ഗതാഗതക്കുരുക്കുമായി. രാവിലെയും വൈകിട്ടും വാഹനങ്ങൾ റോഡിലൂടെ ഇഴഞ്ഞു നീങ്ങുകയാണ്.36 മാസമാണ് എലിവേറ്റഡ് ഹൈവേയുടെ നിർമാണ കാലാവധി. അശോക് ബിൽഡ് കോൺ കമ്പനിയാണ് നിർമാണ കരാർ ഏറ്റെടുത്തിരിക്കുന്നത്.



# മാട്ടുപ്പെട്ടി ജലാശയത്തിലെ ബോട്ടിങ് നിർത്തിയേക്കും

**മൂന്നാർ:** ജലനിരപ്പ് താഴ്ന്നതോടെ മാട്ടുപ്പെട്ടി ജലാശയത്തിൽ ബോട്ടിങ് വരും ദിവസങ്ങളിൽ നിർത്താൻ സാധ്യത. മാട്ടുപ്പെട്ടി, കുണ്ടള, വട്ടവട, മേഖലയിൽ യിൽ നിന്നും ജലാശയത്തിലേക്കുള്ള ജലസ്രോതസുകൾ വറ്റിയതോടെയാണ് മാട്ടുപ്പെട്ടിയിൽ ജലനിരപ്പ് താഴ്ന്നത്. നിലവിൽ 1582.75 മീറ്റർ വെള്ളം മാത്രമാണ് ജലാശയത്തിലുള്ളത്.

1599.60 മീറ്ററാണ് ജലാശയത്തിന്റെ സംഭരണ ശേഷി.ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഹൈഡൽ ടൂറിസം വകുപ്പുകളാണ് മാട്ടുപ്പെട്ടിയിൽ വിനോദ സഞ്ചാരികൾക്കായി ബോട്ടിങ് നടത്തുന്നത്. ദിവസേന 3000 ലധികം വിനോദ സഞ്ചാരികളാണ് മാട്ടുപ്പെട്ടിയിൽ ബോട്ടിങ് നടത്താനെത്തുന്നത്. ജലനിരപ്പ് താഴ്ന്നതോടെ കുത്തനെയുള്ള ഇറക്കം ഇറങ്ങിയാണ് സഞ്ചാരികൾ ബോട്ടുകളിൽ കയറുന്നത്.

പ്രായമായവരും കുട്ടികളും ഏറെ പാടുപെട്ടാണ് ബോട്ടിൽ കയറുന്നതും മടങ്ങുന്നതും. വരും ദിവസങ്ങളിൽ മഴ പെയ്യാതിരുന്നാൽ ബോട്ടിങ് നിർത്തിവയ്ക്കാനാണ് സാധ്യത. ജലാശയത്തിൽ ജലം കുറഞ്ഞതോടെ കുണ്ടള ഡാമിൽ നിന്നും ചെറിയ അളവിൽ ജലം തുറന്നു വിടാൻ തുടങ്ങി. പോയിന്റ് 22 മില്യൻ ക്യുബിക് മീറ്റർ ജലമാണ് ഇന്നലെ കുണ്ടളയിൽ നിന്നും മാട്ടുപ്പെട്ടിയിലേക്ക് ഒഴുക്കി വിട്ടത്.

മാട്ടുപ്പെട്ടിയിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം തിങ്കൾ മുതൽ ഒരു മാസത്തേക്ക് നിർത്തിവച്ചു. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ സിവിൽ വർക്കുകളുടെ പൂർത്തീകരണം, ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി പഴയ മൂന്നാർ ഹെഡ് വർക്സ് ഡാമിന്റെ ഷട്ടറുകൾ തുറന്നതിനെ തുടർന്നാണ് വൈദ്യുതി ഉൽപാദനം നിർത്തിയത്. രണ്ട് മെഗാവാട്ട് വൈദ്യുതിയാണ് മാട്ടുപ്പെട്ടിയിൽ നിന്നും ഉൽപാദിപ്പിക്കുന്നത്.

## വിദ്യാർഥികൾക്കായി ശാസ്ത്ര സമീക്ഷാ പ്രോഗ്രാം

**പാലോട്:** ജവഹർലാൽ നെഹ്റു ട്രോപിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ധനസഹായത്തോടെ ഹൈസ്കൂൾ വിദ്യാർഥികൾക്കായി മെയ് 22 മുതൽ 26 വരെ ശാസ്ത്ര സമീക്ഷാ പ്രോഗ്രാം സംഘടിപ്പിക്കും. വിവിധ സസ്യശാസ്ത്ര മേഖലകളിലുള്ള പഠന ഗവേഷണ സാധ്യതകൾ വിദ്യാർഥികൾക്ക് മനസിലാക്കി നൽകാനും ബന്ധപ്പെട്ട ശാസ്ത്രഞ്ജരുമായി സംവദിക്കാനും അത്യപൂർവമായ നിരവധി സസ്യങ്ങളുടെ ശേഖരം സന്ദർശിക്കാനും അവസരമുണ്ടാകും. രജിസ്ട്രേഷന് മെയ് 20 നു മുമ്പ് 9633097736 ൽ ബന്ധപ്പെടണം.

### ഓങ്കോളജി നഴ്സിംഗിൽ സ്പെഷ്യാലിറ്റി ട്രെയിനിംഗ്

**തിരുവനന്തപുരം:** തിരുവനന്തപുരത്തെ റീജ്യനൽ കാൻസർ സെന്റർ ഒരു വർഷത്തെ സ്പെഷ്യാലിറ്റി ട്രെയിനിംഗ് ഇൻ ഓങ്കോളജി നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. മെയ് 27 ന് വൈകീട്ട് 5 മണി വരെ ഓൺലൈനിൽ അപേക്ഷ സ്വീകരിക്കും. ജൂൺ 3 ന് വൈകീട്ട് 4 മണിക്ക് മുൻപ് അപേക്ഷയുടെ പ്രിന്റ് ഔട്ട് തപാലിൽ അഡീഷണൽ ഡയറക്ടർ അക്കാഡമിക്കിന് ലഭിക്കണം. വിശദവിവരങ്ങൾ www.rcctvm.gov.in വെബ്സൈറ്റിൽ.

### സി പ്രോഗ്രാമിങ് കോഴ്സ്

**തിരുവനന്തപുരം:** എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ കേരളത്തിലെ എല്ലാ സെന്ററുകളിലും പ്ലസ്ടു പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ഒരു മാസം ദൈർഘ്യമുള്ള ഇ പ്രോഗ്രാമിങ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

എൻജിനിയറിങ്ങിൽ ഉപരിപഠനം ആഗ്രഹിക്കുന്ന പ്ലസ്ടു വിദ്യാർഥികൾക്ക് വേണ്ടി പ്രത്യേകം രൂപ കൽപ്പന ചെയ്ത കോഴ്സ എല്ലാ എൻജിനിയറിങ് ബ്രാഞ്ചുകൾക്കും ആവശ്യമായ ഇ പ്രോഗ്രാമിന്റെ ഭാഗങ്ങൾ പാഠ്യ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. പ്ലസ്ടുവിന് എല്ലാ വിഷയങ്ങൾക്കും അ+ വാങ്ങുന്നവർക്ക് 50 ശതമാനം സ്കോളർഷിപ്പ് ഫീസ് ആനുകൂല്യമുണ്ട്. ആദ്യം വരുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിലാണ് പ്രവേശനം. www.lbscetnre.kerala.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം. ഫോൺ: 2560333.

### ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂ

**തിരുവനന്തപുരം:** തിരുവനന്തപുരം സർക്കാർ ആർട്സ് കോളജിൽ ബയോകെമിസ്ട്രി ഗസ്റ്റ് അധ്യാപക നിയമനത്തിന് മെയ് 29ന് രാവിലെ 11ന് ഇന്റർവ്യൂ നടത്തും. കോളജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്ത യു.ജി.സി നിഷ്കർഷിച്ച നിശ്ചിത യോഗ്യതയുള്ളവർ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കണം.



# പ്രശ്നങ്ങൾക്ക് അതിവേഗ പരിഹാരം ലക്ഷ്യം: മന്ത്രി കെ. രാജൻ

**തൃശ്ശൂർ:** മനുഷ്യത്വപരമായ വികസനത്തിന് ഊന്നൽ നൽകുകയാണ് സർക്കാർ ലക്ഷ്യമെന്നും ഉദ്യോഗസ്ഥ സംവിധാനത്തെ ആകെ സംയോജിപ്പിച്ച് പ്രശ്നങ്ങളെ അതിവേഗം പരിഹരിക്കാനുള്ള ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്നും റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ. മുകുന്ദപുരം താലൂക്കിലെ കരുതലും കൈത്താങ്ങും അദാലത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

അദാലത്തിൽ നേരിട്ട് ലഭ്യമായ പരാതികൾ ആവശ്യമായ പരിശോധനയ്ക്ക് വിധേയമാക്കി വേഗത്തിൽ തീരുമാനമാക്കുമെന്നും മന്ത്രി പറഞ്ഞു.

സദ്ഭരണത്തിന്റെ ഭാഗമായി സർക്കാർ എല്ലാവർക്കും എല്ലായിപ്പോഴും കൂടെയുണ്ടാവുമെന്ന് അധ്യക്ഷത വഹിച്ച ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ജനങ്ങളുടെ ആവലാതികളും പ്രയാസങ്ങളും പരിഹരിക്കാനാണ് കരുതലും കൈത്താങ്ങും അദാലത്തെന്നും മന്ത്രി പറഞ്ഞു.

ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണേണ്ടത് പ്രധാന വിഷയമാണെന്നും പരാതികളിൽ എത്രയും പെട്ടെന്ന് പരിഹാരമുണ്ടാക്കുക എന്നതാണ് അദാലത്തിന്റെ ലക്ഷ്യമെന്നും പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ പറഞ്ഞു.

ഇരിങ്ങാലക്കുട രാജീവ് ഗാന്ധി മുൻസിപ്പൽ ടൗൺ ഹാളിൽ വെച്ച് നടന്ന അദാലത്തിൽ എംഎൽഎമാരായ വി ആർ സുനിൽകുമാർ, കെ കെ രാമചന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ, ജില്ലാ കലക്ടർ വി ആർ കൃഷ്ണ തേജ, എഡിഎം ടി മുരളി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ, പഞ്ചായത്ത് പ്രസിഡണ്ടുമാർ എന്നിവർ പങ്കെടുത്തു.

## കേരള സർവകലാശാലയിൽ ശിശുപരിപാലത്തിന് പുതിയ സംരംഭം

**തിരുവനന്തപുരം:** സർക്കാറിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി കേരള സർവകലാശാലയുടെ സഹകരണത്തോടെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ് മന്ദിരത്തിൽ സജ്ജമാക്കിയ ക്രഷിന്റെ ഉദ്ഘാടനം മെയ് 17 ന് രാവിലെ 11.30ന് വനിതാ ശിശുവികസന മന്ത്രി വീണാ ജോർജ് നിർവഹിക്കും.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, അതിലൂടെ അവർക്ക് സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും, കുഞ്ഞുങ്ങൾക്ക് ചെറുപ്പകാലം മുതൽ തന്നെ മാതാപിതാക്കളിൽ നിന്നും അർഹതപ്പെട്ട കരുതൽ, സംരക്ഷണം, പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് തൊഴിലിടങ്ങളിൽ ശിശുപരിപാലന കേന്ദ്രങ്ങൾ സജ്ജമാക്കി വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

മെഡിക്കൽ കോളജുകളിൽ ക്രഷ് ആരംഭിക്കുന്നതിന്റെ ഭാഗമായി തൃശൂർ മെഡിക്കൽ കോളജിലും എറണാകുളം മെഡിക്കൽ കോളജിലും, വെള്ളാനിക്കര അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി കോമ്പൗണ്ടിലും വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിലുള്ള ക്രഷുകൾ ഉടൻ പ്രവർത്തനം ആരംഭിക്കും.

ആറുമാസം മുതൽ ആറു വയസ് വരെയുള്ള കുഞ്ഞുങ്ങളെയാണ് ക്രഷിൽ പരിപാലിക്കുന്നത്. ക്രഷിൽ കുട്ടികളെ പരിപാലിക്കുന്നതിനായി ഒരു വർക്കറും ഒരു ആയയുമുണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി.



# മറയൂരിൽ ചന്ദനം വ്യാപിക്കും; പദ്ധതിയുമായി വനം വകുപ്പ്

**മറയൂർ:** ചന്ദന മരങ്ങളുടെ വനവിസ്തൃതി കൂട്ടാൻ ഒരുങ്ങി മറയൂർ സാൻഡൽ ഡിവിഷൻ. പദ്ധതിയുടെ ഭാഗമായി പ്രദേശത്തെ 18 ഹെക്ടർ സ്ഥലത്താണ് ചന്ദനവനം വ്യാപിപ്പിക്കുന്നത്. നിലവിൽ കോഴിപ്പണ്ണ, മഞ്ഞപ്പെട്ടി, കല്യാണമണ്ഡപം എന്നിവിടങ്ങളിലായി എട്ട് ഹെക്ടറിൽ 15,000 തൈകളാണ് പുതിയതായി വച്ച് പിടിപ്പിക്കുന്നത്. നാല് വർഷം മുൻപ് മറയൂർ മഞ്ഞപ്പെട്ടി മേഖലയിൽ രണ്ട് ഹെക്ടർ സ്ഥലത്ത് ചന്ദന പ്ലാന്റേഷൻ പരീക്ഷണാർഥം സ്ഥാപിച്ചിരുന്നു.

ഇവിടെ 4600 തൈകളാണ് വളർന്നുവരുന്നത്. പരീക്ഷണം വിജയിച്ച സാഹചര്യത്തിലാണ് പുതിയ മേഖലയിലേക്കും പ്ലാന്റേഷൻ വ്യാപിപ്പിക്കാൻ ഒരുങ്ങുന്നത്. കപ്പനോട് മേഖലയിൽ രണ്ടിടത്തും അക്കരശീമ ഭാഗത്തുമാണ് പുതുതായി ചന്ദന തൈകൾ നട്ടുവളർത്തി വരുന്നത്. ഒന്നാം പ്ലോട്ടിൽ 2.7 ഹെക്ടർ സ്ഥലത്താണ് 3100 തൈകളും രണ്ടാം പ്ലോട്ടിൽ 5100 തൈകളും അക്കരശീമ പ്ലോട്ടിൽ 3.8 ഹെക്ടർ സ്ഥലത്ത് 6000 തൈകളുമാണ് നട്ടുവളർത്തുന്നത്. നാച്ചിവയൽ വനസംരക്ഷണ സമിതിയുടെ നേതൃത്വത്തിലാണ് ചന്ദനക്കാട് പരിപാലനം. വരുംനാളുകളിൽ പത്ത് ഹെക്ടർ അധികം ചന്ദന വനമായി വ്യാപിപ്പിക്കാനുള്ള നടപടി പുരോഗമിക്കുന്നതായും മറയൂർ ഡിഎഫ്ഒ എം.ബി. വിനോദ് കുമാർ പറഞ്ഞു.

## വന്ദേഭാരത് ട്രെയിനിന്റെ കോച്ച് നിർമാണ കരാർ ബെമ്‌ലിന്; കഞ്ചിക്കോടിനു ലഭിക്കുമെന്നു പ്രതീക്ഷ



**കഞ്ചിക്കോട്:** കാര്യക്ഷമതയില്ലായ്മ ചൂണ്ടിക്കാട്ടി കേന്ദ്രം സ്വകാര്യവൽക്കരണ നടപടി ആരംഭിച്ച ബെമ്‌ലിനു വന്ദേഭാരത് ട്രെയിനിന്റെ (സ്ലീപ്പർ) കോച്ചുകൾ നിർമിക്കാൻ കരാറുകൾ ലഭിച്ചു. 10 ട്രെയിൻ സെറ്റ് വന്ദേ ഭാരത് (സ്ലീപ്പർ) കോച്ചുകൾ നിർമിക്കാനാണു റെയിൽവേ കരാർ നൽകിയത്.

വന്ദേ ഭാരത് (സ്ലീപ്പർ) കോച്ചിന്റെ രൂപകൽപന, നിർമാണം, പൂർത്തിയാക്കൽ എന്നിവ മുഴുവനായും ചെയ്യുന്നതു ബെമ്‌ലാണ്. അതേ സമയം കോച്ചുകൾ ഏതു യൂണിറ്റിൽ നിർമിക്കുമെന്ന് തീരുമാനമായിട്ടില്ല. നിലവിൽ പാലക്കാട് യുണിറ്റിൽ നിന്നാണു മെമു കോച്ചുകൾ നിർമിക്കുന്നത്. അതിനാൽ പാലക്കാട് കഞ്ചിക്കോട് യൂണിറ്റിൽ തന്നെ വന്ദേഭാരത് കോച്ചുകൾ നിർമിക്കാൻ അവസരം ലഭിക്കുമെന്നാണു പ്രതീക്ഷ.

ഇന്ത്യയിൽ ആദ്യമായി തദ്ദേശീയമായി റെയിൽവേ കോച്ചുകൾ നിർമിച്ചു നൽകിയതു ബെമ്‌ലാണ്. ഇന്ത്യയിൽ മെട്രോ കോച്ചുകൾ നിർമിക്കുന്ന ഏക കമ്പനിയും ഏക പൊതുമേഖല സ്ഥാപനവുമാണ് ബെമ്‌ൽ.

ബെമ്‌ൽ നാളിതുവരെ ഇന്ത്യൻ റെയിൽവേയ്ക്ക് വേണ്ടി ഏകദേശം 20,000 റെയിൽവേ കോച്ചുകളും ഇന്ത്യയിലെ വിവിധ മെട്രോ കോർപറേഷനുകൾക്ക് വേണ്ടി ഏകദേശം അയ്യായിരത്തോളം മെട്രോ കോച്ചുകളും നിർമിച്ചു നൽകിയിട്ടുണ്ട്.

ബെമ്‌ലിനു പാലക്കാട് കഞ്ചിക്കോടിനു പുറമെ ബെംഗളൂരു, മൈസൂർ, കോലാർ എന്നിവിടങ്ങളിൽ നിർമാണ യൂണിറ്റുണ്ട്. രാജ്യസുരക്ഷാ വാഹനങ്ങൾ, റെയിൽവേ കോച്ചുകൾ, മൈനിങ് വാഹനങ്ങൾ, മെട്രോ കോച്ചുകൾ എന്നിവയാണു പ്രധാനമായി നിർമിക്കുന്നത്.

പ്രതിഷേധത്തിനൊടുവിൽ 2016ൽ നിർത്തിവച്ച സ്വകാര്യവൽക്കരണ നടപടികൾ വീണ്ടും ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 2021 ജനുവരി 4നു ബെമ്‌ൽ വിൽക്കാനുള്ള താൽപര്യപത്രം ക്ഷണിച്ച്, വിൽപന നടപടിയുമായി മുന്നോട്ടു പോകുകയാണ്. അതേസമയം ബെമ്‌ലിന്റെ 202122 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 4147 കോടിയും ലാഭം 206 കോടിയുമാണ്.

## കുടിവെള്ളം ശുദ്ധമെന്നുറപ്പിക്കാൻ 85 ലാബുകൾ

**തിരുവനന്തപുരം:** കുടിക്കുന്ന വെള്ളം 100 ശതമാനം ശുദ്ധമെന്നുറപ്പിക്കാനുള്ള പരിശോധനയ്ക്കു സംസ്ഥാനത്തു പ്രവർത്തിക്കുന്നത് 85 ലാബുകൾ. കഴിഞ്ഞ രണ്ടു വർഷത്തിനിടെ ഈ പരിശോധനാ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിയത് 10 ലക്ഷത്തിലധികം പേരാണ്. കൃത്യമായ കണക്കു പ്രകാരം 13,80,400 ജല സാമ്പിളുകൾ ഇക്കാലയളവിൽ പരിശോധിച്ചു. കൈയെത്തും ദൂരത്തു ജലപരിശോധനാ ലാബുകളെത്തിയതോടെ ശുദ്ധജലത്തെക്കുറിച്ചുള്ള ആശങ്കകകളും ഇല്ലാതായിരിക്കുന്നു.

കിണറുകളിലും കുളങ്ങളിലുമുള്ള വെള്ളവും പൈപ്പ് വെള്ളവുമൊക്കെ ശുദ്ധമെന്നു പരിശോധിച്ച് ഉറപ്പിക്കാനാകുമെന്നതാണു ലാബുകളുടെ പ്രത്യേകത. സംസ്ഥാനത്തെ ജലഗുണനിലവാര പരിശോധന ലാബുകളിൽ 83 എണ്ണത്തിനും ദേശീയ ഗുണനിലവാര ഏജൻസിയായ എൻ.എ.ബി. എൽന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 202122 വർഷം 5,57,415 സാമ്പിളുകളും 202223 വർഷം 8,22,855 സാമ്പിളുകളുമാണ് ഈ ലാബുകളിൽ പരിശോധിച്ചത്. ഗ്രാമീണ മേഖലയിൽ യഥാക്രമം 5,22,003 സാമ്പിളുകളും നഗരങ്ങളിൽ 35,412 സാമ്പിളുകളും ആദ്യ വർഷം പരിശോധിച്ചു. തൊട്ടടുത്ത വർഷം 7.31 ലക്ഷം സാമ്പിളുകളും 90,942 സാമ്പിളുകളും പരിശോധനയ്ക്കായി ലാബുകളിൽ എത്തി.

കണ്ണൂർ, തൃശൂർ, കോഴിക്കോട് ജില്ലാ ലാബുകളിലാണ് ഏറ്റവും കൂടുതൽ ജല സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് എത്തുന്നത്. കS 3025 അടിസ്ഥാനമാക്കിയുള്ള പരിശോധനയാണ് എല്ലാ ലാബുകളിലും നടക്കുന്നത്. ജില്ലാ ലാബുകളിൽ 17 മുതൽ 25 വരെ പരാമീറ്ററുകൾ പരിശോധിക്കാൻ സൗകര്യം ഉണ്ട്. ഉപജില്ലാ ലാബുകളിൽ കുറഞ്ഞത് 10 പരാമീറ്ററുകളാണ് പരിശോധിക്കുന്നത്. എറണാകുളം ജില്ലയിലെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റി (എസ്.ആർ.ഐ) അത്യാധുനിക പരിശോധനാ സൗകര്യവുമുണ്ട്. ഘനലോഹ സാന്നിധ്യം ഉൾപ്പെടെ 33 പരാമീറ്ററുകളും കീടനാശിനി സാന്നിധ്യവും ഇവിടെ പരിശോധിക്കാനാകും. മൂന്ന് മുതൽ അഞ്ച് ദിവസം വരെയാണ് ഓരോ പരിശോധനയ്ക്കും വേണ്ടിവരുന്ന സമയം.

സംസ്ഥാനത്ത് ജല അതോറിറ്റി പദ്ധതികളുടെ എല്ലാ നദീജല സ്രോതസ്സുകളിലും മൺസൂണിനു മുൻപും ശേഷവും ജല പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. ജില്ലാ ലാബുകളിൽ പരിശോധിക്കുന്ന സാമ്പിളുകളിൽ നിന്നും അഞ്ച് ശതമാനം സാമ്പിളുകൾ രാസ ഭൗതിക ഗുണനിലവാരം അറിയുന്നതിനുള്ള ക്രോസ് ചെക്കിങ്ങും നടത്തും.

## സ്റ്റാഫ് നഴ്സ് നിയമനം

**തിരുവനന്തപുരം:** വിളക്കുടി കുടുംബാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സിനെ താൽക്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മേയ് 20 രാവിലെ 11 മണിക്കു വിളക്കുടി കുടുംബാരോഗ്യകേന്ദ്രം കോൺഫറൻസ് ഹാളിൽ വാക്ക്ഇൻഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖകൾ സഹിതം ഇന്റർവ്യൂവിൽ പങ്കെടുക്കണം.

# പൊന്നമ്പലമേട്ടിലെ പൂജ ഗുരുതര വീഴ്ച വി എച്ച് പി

**കൊച്ചി:** ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട പവിത്രമായ പൊന്നമ്പലമേട്ടിൽ സ്വകാര്യ വ്യക്തികൾ പൂജ ചെയ്യാൻ ഇടയായ സാഹചര്യം അതീവ ഗുരുതരമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡൻറ് വിജി തമ്പിയും ജനറൽ സെക്രട്ടറി വി ആർ രാജശേഖരനും പ്രസ്താവനയിൽ അറിയിച്ചു.

ദേവസ്വം ബോർഡിന്റെയും വനം ആഭ്യന്തര വകുപ്പുകളുടേയും സമ്പൂർണ്ണ പരാജയവും പിടിപ്പുകേടുമാണ് ഇത്തരത്തിലുള്ള ഒരു അനിഷ്ട സംഭവം ഉണ്ടാവാൻ കാരണം. ഭക്തജനങ്ങൾ



പരിപാവനമായി കാണുന്ന പൊന്നമ്പലമേട്ടിൽ നടന്ന ഈ പൂജകൾ ഭാവിയിൽ ശബരിമലയേയും അനുബന്ധ പുണ്യസ്ഥലങ്ങളേയും വാണിജ്യവൽക്കരിക്കാനുള്ള ദേവസ്വം ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും മുന്നൊരുക്കങ്ങളുടെ ഭാഗമാണെന്നും അവർ കുറ്റപ്പെടുത്തി. റിസർവ് വന പ്രദേശമായ ശബരിമല മേഖല സംരക്ഷിക്കുന്നതിന് ഉത്തരവാദിത്വമുള്ള വനം വകുപ്പ് ചില പ്രത്യേക ലക്ഷ്യം വെച്ച് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുകയാണെന്ന് ആരെങ്കിലും സംശയമുന്നയിച്ചാൽ ആയത് തള്ളികളയാൻ ആവില്ലെന്നും അവർ പറഞ്ഞു..

ഇനിയും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആവർത്തിക്കുകയാണെങ്കിൽ പുണ്യസ്ഥലങ്ങളെ സംരക്ഷിക്കാൻ വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകരും ബജരംഗ ദൾ പ്രവർത്തകരും തയ്യാറാവും. ഭക്തജനങ്ങളുടെ കാര്യത്തിലും വിശ്വാസങ്ങളുടെ കാര്യത്തിലും സംസ്ഥാന സർക്കാരും ഇടതുമുന്നണിയും കാണിക്കുന്ന ഇരട്ടത്താപ്പിന്റെ ഭാഗമാണ് തിരുവനന്തപുരത്ത് ഒരു മുസ്ലിം പെൺകുട്ടി കൊല്ലപ്പെട്ടതിനെ പറ്റി സാംസ്ക്കാരിക നായകരും മന്ത്രിമാരും കാണിക്കുന്ന മൗനമെന്നും അവർ അറിയിച്ചു. ഈ സംഭവം ഒരു ഹൈന്ദവ ആരാധനാ കേന്ദ്രത്തിൽ ആയിരുന്നു നടന്നുവെങ്കിൽ ഇവിടുത്തെ രാഷ്ട്രീയക്കാരും മന്ത്രിമാരും എത്തരത്തിലായിരുന്നു പ്രതികരിക്കുക എന്ന് കൃത്യമായി ആൾക്കാർക്ക് അറിയാം. ഇത്തരത്തിലുള്ള ഇരട്ടത്താപ്പുകൾ പൊതു സമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞു. വോട്ടുബാങ്കിനെ ലക്ഷ്യമാക്കി ഇത്തരം നാടകങ്ങൾ ആവർത്തിക്കുക തന്നെ ചെയ്യുമെന്നും അവർ പറഞ്ഞു.

# വെങ്ങളം – രാമനാട്ടുകര ബൈപാസ് ആറു വരിയാക്കൽ: നിർമാണം ഇഴയുന്നു

**കോഴിക്കോട്:** വെങ്ങളം മുതൽ രാമനാട്ടുകര വരെ ദേശീയപാത ബൈപാസ് ആറു വരിയാക്കുന്ന പ്രവൃത്തി ലക്ഷ്യമിട്ട സമയത്തിനകം പൂർത്തിയാകില്ല. 2024 ജനുവരിയിൽ പൂർത്തിയാകുമെന്നാണു കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നത്. ഇപ്പോഴത്തെ വേഗമനുസരിച്ച് 2024 സെപ്റ്റംബറിലേ തീരൂ എന്നാണു ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നത്. കരാറെടുത്ത കമ്പനിക്കു സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പദ്ധതി ഇഴയുന്നതായി ആക്ഷേപം ഉയർന്നതിനെത്തുടർന്ന് 2022 ജൂലൈയിൽ ചേർന്ന യോഗത്തിൽ, 2023 ഏപ്രിലിൽ പദ്ധതിയുടെ 58% തീർക്കുമെന്നും 2024 ജനുവരിയിൽ ബാക്കി പൂർത്തിയാക്കുമെന്നും ദേശീയപാത അതോറിറ്റിയും കരാറുകാരും ഉറപ്പു നൽകിയിരുന്നു.

ബൈപാസ് നിർമാണം വേഗത്തിലാക്കാൻ എം.കെ.രാഘവൻ എംപിയുടെ ആവശ്യപ്രകാരം വിളിച്ച യോഗത്തിൽ, ഓരോ മാസവും തീർക്കേണ്ട ജോലികൾ ഉൾപ്പെടുത്തി റോഡ് മാപ്പും തയാറാക്കി. എന്നാൽ, ലക്ഷ്യമിട്ട 58% പ്രവൃത്തി പൂർത്തിയാകേണ്ട സമയത്ത് 42% മാത്രമാണ് പൂർത്തിയായിരിക്കുന്നത്. 2018ൽ കരാർ നൽകിയ പദ്ധതി 2020 ൽ പൂർത്തിയാകേണ്ടതായിരുന്നു. പല കാരണങ്ങളാൽ 2021 ഓഗസ്റ്റിലാണു നിർമാണം ആരംഭിച്ചത്. കെഎംസി കൺസ്ട്രക്ഷൻ ആണ് കരാർ ഏറ്റെടുത്ത കമ്പനി.



13.5 മീറ്റർ വീതം വരുന്ന 2 പാതകളായാണു ബൈപാസ് 6 വരിയാകുന്നത്. മധ്യത്തിൽ 60 സെന്റിമീറ്ററിലാണ് മീഡിയൻ. ഇരുഭാഗത്തും 50 സെന്റിമീറ്റർ വീതിയിൽ കോൺക്രീറ്റ് മതിൽ ബൈപാസിന് അതിരിടും. അതിനു പുറത്തായി 6.75 മീറ്റർ വീതിയിൽ സർവീസ് അഴുക്കുചാൽ ഉൾപ്പെടെ റോഡും. മണിക്കൂറിൽ 250 മീറ്റർ കോൺക്രീറ്റ് ചെയ്യാൻ കഴിയുന്ന ജർമൻ നിർമിത കോൺക്രീറ്റ് മെഷീൻ ഉപയോഗിച്ചാണു മീഡിയൻ നിർമാണം പുരോഗമിക്കുന്നത്. 3.5 കോടി രൂപ വിലവരുന്ന ആധുനിക മെഷീൻ ഉപയോഗിച്ച് 28 മീറ്ററിൽ 75% മീഡിയൻ നിർമാണവും പൂർത്തിയാക്കിയിട്ടുണ്ട്. ഇരുഭാഗത്തുമായി 56 മീറ്ററിലാണ് ബൈപാസിൽ അഴുക്കുചാൽ നിർമിക്കേണ്ടത്. ഇതിൽ 40 മീറ്ററിലും അഴുക്കുചാൽ നിർമാണം പൂർത്തിയായിക്കഴിഞ്ഞു. റോഡ് പ്രവൃത്തിയുടെ 60 ശതമാനവും പൂർത്തിയായി.

തൊണ്ടയാട്ടും രാമനാട്ടുകരയിലും നിലവിൽ മേൽപാലം ഉള്ളതിനാൽ പുതുതായി ഓരോന്നു വീതം നിർമിച്ചാൽ മതി. അഴിഞ്ഞിലം, പന്തീരാങ്കാവ്, ഹൈലൈറ്റ് മാൾ, പൂളാടിക്കുന്ന്, വെങ്ങളം എന്നിവിടങ്ങളിൽ 2 വീതം മേൽപാലങ്ങളും വരും. ഇതിൽ വെങ്ങളത്തും മറ്റും നിർമാണം പുരോഗമിക്കുമ്പോൾ പന്തീരാങ്കാവിലും മറ്റും നിർമാണം ഇഴഞ്ഞുനീങ്ങുകയാണ്. ഇതിനു പുറമേ മലാപ്പറമ്പ്, വേങ്ങേരി എന്നിവിടങ്ങളിൽ വിഒപി നിർമിക്കണം. ഇതിൽ വേങ്ങേരി വിഒപി നിർമാണം പുരോഗമിക്കുകയാണ്.

അവിടെ 6 വരി ബൈപാസ് നിലവിലുള്ള പാതയുടെ സ്ഥാനത്ത് ആഴത്തിലേക്ക് മാറ്റി നിർമിച്ച് ,കുറുകെ പോകുന്ന പാത പാലം നിർമിച്ച് അതിലേക്ക് മാറ്റും. വേങ്ങേരിയിൽ ബൈപാസ് പാതിഭാഗം താഴ്ത്തി പുനർനിർമിച്ചുകഴിഞ്ഞു. രണ്ടാഴ്ചയ്ക്കകം ഗതാഗതത്തിനു തുറന്നുകൊടുത്ത് ബാക്കി ഭാഗം താഴ്ത്തുന്ന പ്രവൃത്തി ഉടൻ ആരംഭിക്കും. 12 ഇടത്താണ് അടിപ്പാതകൾ നിർമിക്കുന്നത്. ഇതിൽ ആറിടത്ത് പുതിയ അടിപ്പാതകൾ വരുമ്പോൾ മറ്റ് ആറിടത്തും നിലവിലുള്ള അടിപ്പാതകൾ വീതി കൂട്ടിയാൽ മതിയാകും. 646 പേരാണ് ബൈപാസ് നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

ബൈപാസ് നിർമാണത്തിൽ ക്ഷാമം നേരിടുന്നതു മണ്ണിനാണെന്ന് അധികൃതർ വ്യക്തമാക്കുന്നു. 97% പ്രവൃത്തിയും സ്ഥലം മണ്ണിട്ടു നികത്തി മാത്രം നടത്തേണ്ട ബൈപാസ് ആറു വരി നിർമാണത്തിന് 12 ഇടത്തു നിന്ന് മണ്ണെടുക്കാൻ ജിയോളജി വകുപ്പിന്റെ അനുമതി വാങ്ങിയിരുന്നു. ഇതിൽ രണ്ടിടത്തെ മണ്ണെടുപ്പ് കഴിഞ്ഞ ദിവസം നാട്ടുകാർ തടഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിൽനിന്ന് ആവശ്യമായ മണ്ണ് ലഭിക്കുമ്പോൾ കോഴിക്കോട് ജില്ലയിലാണ് തടസ്സം നേരിടുന്നത്.

പദ്ധതി ഇഴഞ്ഞുനീങ്ങുന്നതിനു പിന്നിൽ കരാർ കമ്പനിയുടെ അനാസ്ഥയാണെന്നു ചൂണ്ടിക്കാട്ടി കഴിഞ്ഞ വർഷം ജൂണിൽ എം.കെ.രാഘവൻ എംപി ഡൽഹിയിൽ ദേശീയപാത അതോറിറ്റി ചെയർപഴ്സനെ കണ്ടതിനെ തുടർന്നാണ് യോഗം വിളിക്കാൻ നിർദേശിച്ചത്. തുടർന്ന് എംപിയുടെ അധ്യക്ഷതയിൽ 2022 ജൂലൈയിൽ ചേർന്ന യോഗത്തിൽ എൻഎച്ച്എഐ ഡപ്യൂട്ടി ജനറൽ മാനേജർ നവീൻ മിശ്ര ഉൾപ്പടെയുള്ള ഉന്നതോദ്യോഗസ്ഥർ പങ്കെടുത്തിരുന്നു.

## ലൈഫ് മിഷനിൽ ജില്ലാ കോർഡിനേറ്റർ

**തിരുവനന്തപുരം:** ലൈഫ് മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാ മിഷൻ കോഓർഡിനേറ്റർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ അപേക്ഷ ക്ഷണിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ ജോലി നോക്കുന്ന, വികസനക്ഷേമ പ്രവർത്തനങ്ങളിൽ താത്പര്യവും കഴിവുമുള്ള ജീവനക്കാർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള അപേക്ഷ നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി) സഹിതം മെയ് 31 വൈകീട്ട് 3നകം ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ ലഭിക്കണം. നിരാക്ഷേപ സാക്ഷ്യപത്രം കൂടാതെയുള്ള അപേക്ഷകൾ പരിഗണിക്കില്ല.

## ആയുർവേദ കോളജിൽ ടെക്നീഷ്യൻ ഒഴിവ്

**തിരുവനന്തപുരം:** സർക്കാർ ആയുർവേദ കോളേജിലെ ദ്രവ്യഗുണ വിജ്ഞാന (ജവമ്യാമരീഹീഴ്യ) വിഭാഗത്തിൽ ഹോണറേറിയം അടിസ്ഥാനത്തിൽ താത്കാലികമായി ടെക്നീഷ്യൻ (ബയോടെക്നോളജി) തസ്തികയിൽ നിയമനം നടത്തുന്നതിന് മെയ് 25ന് രാവിലെ 11ന് കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക് ഇൻഇന്റർവ്യൂ നടത്തും. എം.എസ്.സി, ബി.എസ്.സി ബയോടെക്നോളജിയും ടിഷ്യൂകൾച്ചർ മേഖലയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. (ഈ വിഷയത്തിൽ പി.എച്ച്.ഡി ഉള്ളവർക്ക് മുൻഗണന) ഉദ്യോഗാർഥികൾ വിദ്യാഭ്യാസയോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം അന്നേ ദിവസം രാവിലെ 10.30ന് കോളജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ ഹാജരാകണം.

## നിരക്ക് പരിഷ്ക്കരണം; തെളിവെടുപ്പ് നടത്തി

സംസ്ഥാനത്ത് വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കണമെന്ന വൈദ്യുതി ബോർഡിന്റെ അപേക്ഷയിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തി. നാലു മേഖലകളയാണു തെളിവെടുപ്പ് നടത്തിയത്. ഇതിലുള്ള അവസാന പൊതുതെളിവെടുപ്പ് തിങ്കളാഴ്ച തിരുവനന്തപുരം വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാളിൽ നടന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ചെയർമാൻ ടി.കെ ജോസ്, അംഗങ്ങളായ ബി പ്രദീപ്, എ.ജെ വിൽസൺ എന്നിവരുടെ നേതൃത്വത്തിലാണു തെളിവെടുപ്പ് നടത്തിയത്. നേരത്തേ കോഴിക്കോട്, പാലക്കാട്, എറണാകുളം എന്നിവിടങ്ങളിലും തെളിവെടുപ്പ് സംഘടിപ്പിച്ചിരുന്നു.

കമ്മീഷൻ സെക്രട്ടറി സി.ആർ. സതീഷ് ചന്ദ്രൻ, ടെക്നിക്കൽ കൺസൾട്ടന്റ് പി.വി. ശിവപ്രസാദ്, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ, സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ, സംസ്ഥാന പുനരുപയോഗ ഊർജ്ജ സംരംഭക പ്രതിനിധികൾ, ഡൊമസ്റ്റിക് ഇലക്ട്രിസിറ്റി കൺസംഷൻ അസോസിയേഷൻ പ്രതിനിധികൾ, കേരള ടെലിവിഷൻ അസോസിയേഷൻ പ്രതിനിധികൾ, തുടങ്ങി 20 പരം സംഘടനകളും വ്യക്തികളും പങ്കെടുത്തു.

# നിലമ്പൂർ നഞ്ചൻകോട് പാതയ്ക്ക് സർവേ നടത്താൻ റെയിൽവേ ബോർഡ്



**ബത്തേരി:** ചുരം കയറിയെത്തി വയനാടൻ ഗ്രാമങ്ങളിലൂടെ മൈസൂരു കാടുകൾ പിന്നിട്ടു പോകുന്നൊരു ട്രെയിൻ! കേരളത്തിൽ നിലമ്പൂർ വരെയും കർണാടകയിൽ മൈസൂരുവിനിപ്പുറം നഞ്ചൻകോട് വരെയും വന്നു നിൽക്കുന്ന പാളങ്ങൾ തമ്മിൽ കൂട്ടിമുട്ടിച്ചാൽ സ്വപ്നപാത റെഡി. പതിറ്റാണ്ടുകളായി സ്വപ്നമായി തുടർന്ന പാതയുടെ സർവേ നടപടികൾക്ക് ഒടുവിൽ റെയിൽവേ ബോർഡ് വരുന്നു. അന്തിമ സ്ഥലനിർണയ സർവേയും വിശദമായ പദ്ധതി റിപ്പോർട്ടും (ഡിപിആർ) എത്രയും വേഗം പൂർത്തിയാക്കാനാണു തീരുമാനം. പാത കടന്നു പോകുന്ന വഴികളും ഏറ്റെടുക്കുന്ന ഭൂമിയുമെല്ലാം കല്ലിട്ടു തിരിക്കുന്ന സർവേ കഴിഞ്ഞ് ലാഭകരമെന്നു കാണുകയും മറ്റു തടസ്സങ്ങളുണ്ടാകാതിരിക്കുകയും ചെയ്താൽ പാതയുടെ നിർമാണം തുടങ്ങും.

നിലമ്പൂർ നിന്നു ചുരം കയറി നീലഗിരി വടുവൻചാൽ ബത്തേരി വള്ളുവാടി ചിക്കബർഗി വഴി നഞ്ചൻകോട്ടെത്തുന്നതായിരുന്നു ആദ്യം രൂപകൽപന ചെയ്ത പാത. കൽപറ്റ നഗരത്തെ കൂടി ഉൾപ്പെടുത്തി പിന്നീടു മാറ്റം വരുത്തി. 2016ൽ കേന്ദ്രബജറ്റിൽ പരാമർശിക്കപ്പെട്ടതോടെയാണ് പാത യാഥാർഥ്യത്തിലേക്ക് നീങ്ങുമെന്ന തോന്നലുളവാക്കിയത്. ഒട്ടേറെ റെയിൽ പദ്ധതികളെ ഉൾപ്പെടുത്തി 3000 കോടി രൂപ നീക്കിവച്ചതിൽ ഈ പാതയും ഉൾപ്പെട്ടു. റെയിൽവേയുടെ പിങ്ക് ബുക്കിലും ഇടം നേടി. പിന്നീട് സംസ്ഥാന സർക്കാർ സംയുക്ത സംരംഭ കരാറിൽ ഒപ്പിടുകയും ഡിഎംആർസിയെ ഡിപിആർ തയാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. 8 കോടി രൂപയ്ക്കായിരുന്നു കരാർ. !ഡിപിആർ തയാറാക്കൽ പാതി പിന്നിട്ടപ്പോൾ ഡിഎംആർസി 2 കോടി ആവശ്യപ്പെട്ടു. പലതവണ പണം ചോദിച്ചെങ്കിലും നൽകിയില്ല. സർവേ നടപടികൾ നിർത്തി വച്ച് ഡിഎംആർസി മടങ്ങി.

ഇതേ സമയത്താണ് തലശ്ശേരി മൈസൂരു പാതയ്ക്കായി സർവേ പ്രഖ്യാപിച്ചത്. എന്നാൽ ലാഭകരമല്ല എന്ന കണ്ടെത്തലാണ് ഉണ്ടായത്. രണ്ടാമതൊരു ഏജൻസിയെയും പിന്നീട് സർവേയ്ക്ക് ചുമതലപ്പെടുത്തി. അതും എങ്ങുമെത്തിയില്ല. തലശ്ശേരി മൈസൂരു പാതയും നഞ്ചൻകോട് നിലമ്പൂർ പാതയും വയനാട്ടിൽ സംഗമിച്ച കബനിയുടെ തീരങ്ങളിലൂടെ കൊണ്ടു പോകുന്ന പദ്ധതിയും പറഞ്ഞു കേട്ടു. എന്നാൽ എല്ലാം കടലാസിലൊതുങ്ങി. ബന്ദിപ്പൂർ വനമേഖല മുറിച്ചു കടക്കാൻ കർണാടക അനുമതി തരുന്നില്ലെന്നായിരുന്നു സംസ്ഥാന സർക്കാർ പറഞ്ഞിരുന്നത്.

എന്നാൽ ടണൽ വഴിയെങ്കിൽ പാരിസ്ഥിതിക അനുമതി ആവശ്യമില്ലെന്നും പാതയ്ക്ക് തങ്ങൾ എതിരല്ലെന്നും കർണാടക അറിയിച്ചിട്ടുണ്ടെന്നും പാതയ്ക്കു വേണ്ടി പ്രവർത്തിച്ചിരുന്ന ആക്ഷൻ കമ്മിറ്റിയടക്കമുള്ളവർ എപ്പോഴും പറഞ്ഞു കൊണ്ടിരുന്നു. നിലമ്പൂർ നഞ്ചൻകോട് പാതയ്ക്കായി റെയിൽ കടന്നു പോകുന്ന റൂട്ടിൽ കുറ്റിയടിച്ചു കല്ലിട്ട് തിരിച്ച് ഉടമകളെ അറിയിക്കുന്ന സർവേയാണ് ഇനി റെയിൽവേ ബോർഡ് നടത്തുക. പ്രാദേശിക സർക്കാരുകളും ഒപ്പം നിന്നാൽ ചൂളംവിളിക്കു കാലം വിദൂരമാകില്ലെന്നു പ്രതീക്ഷിക്കാം.

നിലമ്പൂർബത്തേരിനഞ്ചൻകോട് റെയിൽപാതയുടെ ഡിപിആറും അന്തിമ സ്ഥല നിർണയ സർവേയും റെയിൽവേ ബോർഡ് നേരിട്ട് നടത്താൻ തീരുമാനിക്കുകയും അതിനായി 5.9 കോടി രൂപ അനുവദിക്കുകയും ചെയ്തത് നീലഗിരി വയനാട് എൻഎച്ച് ആൻഡ് റെയിൽവേ ആക്ഷൻ കമ്മിറ്റി തുടർച്ചയായി നടത്തിയ സമരപോരാട്ടങ്ങളുടെയും നിയമനടപടികളുടെയും വിജയമാണെന്ന് ഭാരവാഹികളുടെ യോഗം അറിയിച്ചു. ചിലരുടെ മാത്രം ആവശ്യമായ തലശ്ശേരി മൈസൂരു പാതയ്ക്ക് നിലമ്പൂർ പാത തടസ്സമാകുമെന്ന് ആശങ്കപ്പെട്ട ഒരു ലോബി പല രീതിയിൽ തടസ്സപ്പെടുത്തുകയായിരുന്നു. ഇതിനെതിരെ 2018 മുതൽ ആക്ഷൻ കമ്മിറ്റി ശക്തമായ സമരങ്ങൾ നടത്തി. ബത്തേരിയിൽ നിന്ന് കൽപറ്റയിലേക്ക് നടത്തിയ ലോങ് മാർച്ച് അതിലൊന്നായിരുന്നു.



# കുമരകം ഫെസ്റ്റ് സമാപിച്ചു

**കോട്ടയം:** കുമരകം ഫെസ്റ്റ് 2023 ഓളങ്ങൾ സമാപിച്ചു. സമാപനസമ്മേളനം സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി. എൻ. വാസവൻ ഉദ്ഘാടനം നിർവഹിച്ചു. എല്ലാ വിഭാഗം ആളുകളെയും ഫെസ്റ്റിന്റെ പ്രധാന്യത്തിലേക്ക് എത്തിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയതായി മന്ത്രി പറഞ്ഞു. സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികൾ ഒഴുകി എത്തുന്ന പ്രകൃതിരമണീയത കൊണ്ട് അനുഗ്രഹീതമായ കുമരകം, അതിന്റെ ശാലീന സുന്ദരമായ എല്ലാ വശവും ആസ്വദിക്കാൻ വേണ്ടി വരുന്ന വിനോദസഞ്ചാരികൾക്ക് കൂടുതൽ വിനോദത്തിൽ ഏർപ്പെടാൻ കഴിയുന്ന പശ്ചാത്തലം ഈ ഫെസ്റ്റിലൂടെ ഒരുക്കി എടുത്തതായും മന്ത്രി വി എൻ വാസവൻ പറഞ്ഞു. ഫെസ്റ്റ് ആഘോഷകമ്മറ്റി ചെയർമാൻ കെ.കേശവൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ , ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് ,ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ധന്യ സാബു, കുമരകം പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.കെ ജോഷി, ആസൂത്രണ സമിതി ഉപാധ്യക്ഷൻ എം.എൻ മുരളീധരൻ, ഡി .വൈ.എസ്.പി കെ.ജി അനീഷ്, സിനിമ സംവിധായകൻ ജയരാജ്, പ്രദീപ് മാളവിക, സർക്കാരിന്റെ മികച്ച ബാലതാരത്തിനുള്ള പുരസ്കാരം നേടിയ ആദിത്യ ,ബി.ശശികുമാർ, എന്നിവർ പങ്കെടുത്തു.

## വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിജ്ഞാനവേനൽ

**തിരുവനന്തപുരം:** സാംസ്കാരിക വകുപ്പിനു കീഴിൽ തിരുവനന്തപുരം നന്തൻകോട് നളന്ദയിൽ പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതിഭവൻ കുട്ടികളിലെ നൈസർഗികമായ സർഗാത്മകതയെയും അറിവിനെയും ഉണർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അവധിക്കാലക്കൂട്ടായ്മ വിജ്ഞാനവേനൽ സംഘടിപ്പിക്കുന്നു. മെയ് 22 മുതൽ 26 വരെ നടക്കുന്ന അവധിക്കാലക്കൂട്ടായ്മയിൽ ഭാഷ, സാഹിത്യം, സംഗീതം, നൃത്തം, നാടകം, ചിത്രകല, പൊതുവിജ്ഞാനം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസെടുക്കും. വൈകുന്നേരങ്ങളിൽ കലാപരിപാടികൾ ഉണ്ടായിരിക്കും. ദിവസവും രാവിലെ 10.30ന് ക്ലാസുകൾ ആരംഭിക്കും. ഏഴാം ക്ലാസ് മുതൽ 12 വരെയുള്ള വിദ്യാർഥികൾക്കാണ് പ്രവേശനം. 1,000 രൂപ രജിസ്ട്രേഷൻ ഫീസുണ്ട്. പരമാവധി 100 വിദ്യാർഥികൾക്കാണ് പ്രവേശനം. വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാനും ഗ്രാൻഡ് മാസ്റ്ററുമായ ജി.എസ്. പ്രദീപാണ് ക്യാമ്പ് ഡയറക്ടർ. വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഓഫീസിൽ നിന്ന് നേരിട്ടും ഓൺലൈനായും അപേക്ഷ ഫോം ലഭിക്കും. ഫോൺ: 04712311842, 9744012971

# കൊച്ചിയിൽ മോൺട്ര ഇലക്ട്രിക് സൂപ്പർ ഓട്ടോയുടെ വിതരണം ആരംഭിച്ചു



**കൊച്ചി:** കൊച്ചിയിലെ കല്യാൺ മോൺട്ര ഡീലർഷിപ്പിൽ മോൺട്ര ഇലക്ട്രിക് സൂപ്പർ ഓട്ടോയുടെ വിതരണം ആരംഭിച്ചു.പുതുമകളും ഈ വ്യവസായത്തിലെ തന്നെ ആദ്യമായിട്ടുള്ള നിരവധി ഫീച്ചറുകളും ഉള്ള ഈ സൂപ്പർ ഓട്ടോ ഈ വിപണിയെ പുനർനിർവചിക്കുമെന്ന് ഉറപ്പുണ്ടെന്ന് മോൺട്ര ഇലക്ട്രിക് ത്രീ വീലർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സുശാന്ത് ജെന പറഞ്ഞു.ഉപഭോക്താക്കൾക്ക് ഇപ്പോൾ ഇന്ധനത്തിലും അറ്റകുറ്റപ്പണിയ്ക്കുമായി പണം ചിലവഴിക്കേണ്ടാത്തതിനാൽ മോൺട്ര ഇലക്ട്രിക് സൂപ്പർ ഓട്ടോയിലൂടെ കൂടുതൽ വരുമാനം ലഭിക്കും. ഭാവി തലമുറയ്ക്കായി പരിസ്ഥിതിയെ സംരക്ഷിക്കാൻ സഹായിക്കുന്ന വാഹനങ്ങൾ നിർമ്മിക്കാനാണ് ശ്രമിക്കുന്നതെന്നും സുശാന്ത് ജെന പറഞ്ഞു.ഇന്ത്യയിൽ സുരക്ഷിതവും പ്രീമിയം ഇലക്ട്രിക് 3 വീലറുകളും ലഭ്യമാക്കുന്നതിനൊപ്പം സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് ഈ നീക്കം.മുരുഗപ്പ ഗ്രൂപ്പ് കമ്പനിയുടെ ട്യൂബ് ഇൻവെസ്റ്റ്മെൻറ് ഓഫ് ഇന്ത്യയുടെ അനുബന്ധ സ്ഥാപനമായ ടിഐ ക്ലീൻ മൊബിലിറ്റി ലാസ്റ്റ് മൈൽ മൊബിലിറ്റിയിൽ മാറ്റങ്ങൾ കൊണ്ടുവരും. ആദ്യഘട്ടത്തിൽ കേരളം, ആന്ധ്രപ്രദേശ്, കർണാടക, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ ടിഐ ക്ലീൻ മൊബിലിറ്റി അവതരിപ്പിച്ചു. ഈ സംസ്ഥാനങ്ങളിലെ ഒന്നിലധികം ടച്ച് പോയിൻറുകളിൽ സൂപ്പർ ഓട്ടോ ലഭ്യമാകും, കൂടാതെ മോൺട്ര ഇലക്ട്രിക് സൂപ്പർ ഓട്ടോയ്ക്കായി കാത്തിരിക്കുന്നവർക്ക് പരമാവധി ടെസ്റ്റ് റൈഡുകൾ ടിഐ ക്ലീൻ മൊബിലിറ്റി ഉറപ്പാക്കും.

# ആക്റ്റീവ് ടെക്നോളജിയുള്ള പുതിയ ഡീസൽ പുറത്തിറക്കി ജിയോ ബിപി

**കൊച്ചി/മുംബൈ :** ഉയർന്ന കാര്യക്ഷമതയുമായി ആക്റ്റീവ് സാങ്കേതികതയോടെയുള്ള പുതിയ ഡീസൽ പുറത്തിറക്കുന്നതായി ജിയോ ബിപി പ്രഖ്യാപിച്ചു. ഇത് 4.3% മെച്ചപ്പെട്ട ഇന്ധനക്ഷമത നൽകുന്നു. മെച്ചപ്പെട്ട ഇന്ധനക്ഷമത ഉള്ളതിനാൽ ട്രക്കുകൾക്ക് ഒരു വർഷം ഇന്ധനതുകയിൽ 1.1 ലക്ഷം രൂപ വരെ ലാഭിക്കാൻ സാധിക്കും . ഈ പുതിയ ഉയർന്ന പെർഫോമൻസ് ഡീസൽ എല്ലാ ജിയോബിപി ഔട്ട്ലെറ്റുകളിലും ലഭ്യമാകുമെന്നും ജിയോ ബിപി അധികൃതർ വ്യക്തമാക്കി. ഇന്ത്യൻ വിപണിയിൽ ആദ്യമായി ലഭ്യമാകുന്ന ഈ ഡീസൽ അധിക തുക ഈടാക്കാതെ നിലവിലെ ഡീസൽ വിലയിൽ തന്നെയാണ് ലഭ്യമാവുക. ഈ പുതിയ ഡീസൽ, അഴുക്ക് അടിഞ്ഞുകൂടുന്നത് കാരണം വിലകൂടിയ എൻജിൻ ഘടകങ്ങളിൽ ഉാകുന്ന തകരാർ കുറയ്ക്കാൻ സഹായിക്കുന്നു. ഒപ്പം എൻജിനുമായി ബന്ധപ്പെട്ട മറ്റ് അറ്റകുറ്റപ്പണികൾ കുറയ്ക്കാൻ സഹായിക്കുകയും തുടർച്ചയായ ഉപയോഗത്തിനിടയിൽ അഴുക്ക് അടിയുന്നതിൽനിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു. വൃത്തിയുള്ളതും വേഗതയേറിയതും സുരക്ഷിതവുമായ ഇന്ധനം നിറയ്ക്കാൻ സഹായിക്കുന്ന ആന്റിഫോം ഏജന്റ് ഇതിൽ അടങ്ങിയിരിക്കുന്നു. തുടർച്ചയായ ഉപയോഗത്തിനിടയിൽ എഞ്ചിന്റെ കാര്യക്ഷമത കുറയുമ്പോൾ അത് പുനഃസ്ഥാപിക്കാനും നിലനിർത്താനും ഈ ഡീസൽ സഹായിക്കുന്നുവെന്നും ജിയോ ബിപി അധികൃതർ അറിയിച്ചു.

# വിറ്റേരോ ടൈൽ ബിസിനസ് ശക്തമാക്കി അപർണ എൻറർപ്രൈസസ്

**കൊച്ചി:** കെട്ടിട നിർമാണ സാമഗ്രികളുടെ രംഗത്ത് പ്രമുഖരായ അപർണ എൻറർപ്രൈസസ് ലിമിറ്റഡ് പുതിയ 350 ഡിസൈനുകൾ അവതരിപ്പിച്ചുകൊണ്ട് വിറ്റേരോ ടൈൽസ് ബിസിനസ് ശക്തിപ്പെടുത്തുന്നു. ശ്രേണി വിപുലമാക്കുന്നതിൻറെ ഭാഗമായി കമ്പനി 1200-1800എംഎം ജിവിടി/പിജിവിടി, ഫുൾ ബോഡി 600-600എംഎം, 600-1200എംഎം, 600-300എംഎം വലുപ്പത്തിലുള്ള എച്ച്ഡി ഡീപ്പ് പഞ്ച് എലിവേഷൻ ടൈലുകൾ, 12എംഎം കനത്തിൽ 400-400എംഎം പാർക്കിങ്/പാവർ ടൈലുകൾ തുടങ്ങിയവ കൂട്ടിച്ചേർത്തു. ടൈൽ വ്യവസായത്തിൽ ഇത് മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് അപർണ എൻറർപ്രൈസസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ അശ്വിൻ റെഡ്ഡി പറഞ്ഞു.പുതിയ വലുപ്പത്തിലുള്ള ടൈലുകൾ വിപണിയിലും അംഗീകൃത ഡീലർമാരിൽ നിന്നും ലഭ്യമാകും. ഇന്ത്യയിലെയും അന്താരാഷ്ട്ര തലത്തിലെയും വളരുന്ന വിപണിയിലെ ഡിമാൻഡ് കണക്കിലെടുത്ത് കമ്പനി ഡീലർ സൗഹൃദ സ്കീമുകളും അവതരിപ്പിച്ചിട്ടുണ്ട്.കെട്ടിട നിർമാണ സാമഗ്രികളുടെ വ്യവസായം അടുത്ത 45 വർഷത്തിനകുള്ളിൽ 8 മുതൽ 12 ശതമാനം വളർച്ച നേടുമെന്നാണ് ലഭ്യമായ വിവരങ്ങൾ നൽകുന്ന സൂചനകളെന്ന അശ്വിൻ റെഡ്ഡി പറഞ്ഞു. ഇന്ത്യയിലെ നഗരവൽക്കരണവും റിയൽ എസ്റ്റേറ്റ് വിപണിയുടെ തിരിച്ചുവരവും ഈ വളർച്ചയ്ക്ക് കുതിപ്പേകും. ഇന്ത്യയിലെ ടൈൽ വിപണി 2023-28 വർഷത്തിനുള്ളിൽ 4.1 ശതമാനം വളർച്ച നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിറ്റേരോയിൽ കഴിഞ്ഞ സാമ്പത്തിക വർഷം തങ്ങൾ 17 ശതമാനം വളർച്ച കൈവരിച്ചെന്നും വിറ്റേരോ ടൈൽസ് പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപർണ എൻറർപ്രൈസസ് സമാനതകളില്ലാത്ത കളക്ഷനുകളുമായി പുതിയ വിപണികളിലേക്ക് പ്രവേശിക്കാനാണ് ലക്ഷ്യമിടുന്നത്. അതാത് സ്ഥലത്തെ വ്യാപാര പങ്കാളികളുമായി സഹകരിച്ചായിരിക്കും സാന്നിദ്ധ്യം ഉറപ്പാക്കുക. ഉപഭോക്താക്കൾക്ക് നിലവാരമുള്ള ബിഐഎസ് മാർക്കിങ്ങോടു കൂടിയ ടൈലുകൾ ലഭ്യമാക്കും. ഫ്രാഞ്ചൈസി മോഡലിൽ നിന്നും വ്യത്യസ്തമായി കൊച്ചി, മുംബൈ, പൂനെ, ഒറീസ, കൊൽക്കത്ത എന്നിവിടങ്ങളിൽ കമ്പനി സ്വന്തം ഷോറൂമുകൾ ആരംഭിക്കാനും ആലോചിക്കുന്നുണ്ടെന്നും അശ്വിൻ റെഡ്ഡി പറഞ്ഞു.

# ധ്യാൻ ശ്രീനിവാസൻആകാശ് നാരായൺ ചിത്രത്തിന് തുടക്കം



**കൊച്ചി:** ധ്യാൻ ശ്രീനിവാസൻ, ഇന്ദ്രൻസ് എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കിനവാഗതനായ ആകാശ് നാരായൺ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മം, ഇടപ്പള്ളി അഞ്ചുമന ദേവീ ക്ഷേത്രാങ്കണത്തിൽ വെച്ച് നിർവ്വഹിച്ചുയാൻ സ്റ്റുഡിയോസിന്റെ ബാനറിൽ സലീഷ് കൃഷ്ണ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അസീസ് നെടുമങ്ങാട്, സിജു സണ്ണി, ശരത് സഭ എന്നിവരും ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.
നിതിൻ അനിരുദ്ധൻ തിരക്കഥ സംഭാഷണമെഴുതുന്നുജനീഷ് ജയനന്ദൻ ഛായാഗ്രഹണം നിർവഹിക്കുന്നു.എഡിറ്റിംങ്കിരൺ ദാസ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅജിത് പ്രഭാകർ സി, പ്രൊഡക്ഷൻ കൺട്രോളർജിനു പി കെ, പ്രൊജക്ട് ഡിസൈനർവിപിൻ കൃഷ്ണൻ, കാസ്റ്റിംഗ് ഡയറക്ടർബിനോയ് നംബാല,പരസ്യക്കലയെല്ലോ ടൂത്ത്സ്,പി ആർ ഒഎ എസ് ദിനേശ്.

# സീറോമലബാർസഭ പ്രതിഭാസംഗമത്തിനു തുടക്കമായി

**കാക്കനാട്:** സീറോമലബാർസഭ വിശ്വാസപരിശീലന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഏഴാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ആരംഭിച്ചു. മെൽബൺ രൂപതയുടെ നിയുക്ത മെത്രാൻ അഭിവന്ദ്യ ജോൺ പനംതോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ ചാൻസലർ റവ. ഡോ. എബ്രഹാം കാവിൽപ്പുരയിടത്തിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫിനാൻസ് ഓഫീസർ ഫാ. ജോസഫ് തോലാനിക്കൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.സീറോമലബാർ വിശ്വാസപരിശീലന കമീഷൻ സെക്രട്ടറി റവ. ഡോ. തോമസ് മേൽവെട്ടത്ത്, ഫാ. മനു എം.എസ്. ടി ടീം, സി. ജിസ്ലെറ്റ് എം,എസ്ജെ, സി. ജിൻസി ചാക്കോ എം.എസ്എം ഐ, കുര്യാക്കോസ് എന്നിവർ സംഗമത്തിന നേതൃത്വം നൽകുന്നു. 7ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർഥികളിൽനിന്ന് ഇടവകഫൊറോനരൂപതാതല തിരഞ്ഞെടുപ്പുകളിലൂടെ കണ്ടെത്തിയ 64 വിദ്യാർത്ഥികളാണ് പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നത്.18ാം തിയതി ഉച്ചകഴിഞ്ഞു വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിക്കുന്ന സമാപന ചടങ്ങിൽ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പ്രതിഭകൾക്ക് അവാർഡുകൾ വിതരണം ചെയ്യും.



സീറോമലബാർസഭ വിശ്വാസപരിശീലന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഏഴാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ മെൽബൺ രൂപതയുടെ നിയുക്ത മെത്രാൻ മാർ ജോൺ പനംതോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു

# 'റിസോഴ്സ് ഫൈബർ ചോയ്സ്' അവതരിപ്പിച്ച് നെസ്‌ലെ ഇന്ത്യ ഹെൽത്ത് സയൻസ്

**കൊച്ചി:** നെസ്‌ലെ ഇന്ത്യ, ഗട്ട് ഹെൽത്ത് സൊല്യൂഷനായ റിസോഴ്സ് ഫൈബർ ചോയ്സ് അവതരിപ്പിച്ചു. മലബന്ധം ഒഴിവാക്കാനും കുടലിന്റെ ആരോഗ്യം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് പ്രീബയോട്ടിക് ഡയറ്ററി ഫൈബറായ പിഎച്ച്ജിജി (പാർശ്യലി ഹൈഡ്രോലൈസ്ഡ് ഗ്വാർ ഗം) യിൽ നിന്നാണ് റിസോഴ്സ് ഫൈബർ ചോയ്സ് ഉൽപ്പാദിപ്പിക്കുന്നത്. പ്രകൃതിദത്തമായി ലഭിക്കുന്ന ഗ്വാർ ഗം ബീൻസിൽ (ഗ്വാർഫലി) നിന്നാണ് പിഎച്ച്ജിജി ലഭിക്കുന്നതെന്ന് നെസ്‌ലെ ഇന്ത്യ ഹെൽത്ത് സയൻസ് ഹെഡ് മാൻസി ഖന്ന പറഞ്ഞു.ശരീരത്തെ ദോഷകരമായി ബാധിക്കാത്തതിനാൽ, ഇത് കുടൽ സംബന്ധമായ പ്രശ്നങ്ങൾക്ക് ഒരു സുരക്ഷിത പരിഹാരമാണ്. കൂടാതെ, നെസ്‌ലെ ഇന്ത്യ ഹെൽത്ത് സയൻസിൽ നിന്നുള്ള ഈ നൂതന പരിഹാരം രോഗപ്രതിരോധ പോഷകങ്ങളാൽ സമ്പുഷ്ടമാണ്. രോഗപ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന സിങ്ക്, സെലിനിയം, വിറ്റാമിൻ എ, സി, ഡി എന്നിവയുടെ ദൈനംദിന ആവശ്യങ്ങളുടെ 30% റിസോഴ്സ് ഫൈബർ ചോയ്സ് ഉപയോഗിക്കുന്നതിലൂടെ ലഭിക്കുന്നുവെന്നും മാൻസി ഖന്ന പറഞ്ഞു.ഇന്ത്യയിൽ ഓരോ നാലു വ്യക്തികളിൽ ഒരാൾ കുടൽ സംബന്ധ പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടെന്നാണ് നിലവിലെ കണക്ക്. ഈ അവസ്ഥയ്ക്ക് കാരണമാകുന്ന പ്രധാന ഘടകങ്ങൾ അപര്യാപ്തമായ നാരുകൾ, ക്രമരഹിതമായ ഭക്ഷണ ശീലങ്ങൾ, നിർജ്ജലീകരണം, സമ്മർദ്ദം, കൊഴുപ്പുള്ളതും എണ്ണമയമുള്ളതുമായ ഭക്ഷണങ്ങളുടെ ഉപഭോഗം എന്നിവയാണ്. സസ്യങ്ങളിൽ നിന്നാണ് റിസോഴ്സ് ഫൈബർ ചോയ്സിൽ അടങ്ങിയിട്ടുള്ള പിഎച്ച്ജിജി ലഭിക്കുന്നത്. ഇത് കുടലിന്റെ ആരോഗ്യ പരിപാലനത്തിന് അനുയോജ്യമാക്കുന്നു.മലബന്ധത്തിനു നിലവിലുള്ള പരിഹാരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മികച്ച സെൻസറിയൽ പാരാമീറ്ററുകൾ നൽകുന്ന റിസോഴ്സ് ഫൈബർ ചോയ്സ് രുചിയിലും മണത്തിലും മാറ്റം വരുത്താതെ എല്ലാ തരം ഭക്ഷണത്തിലും ചേർക്കാൻ സാധിക്കും. റിസോഴ്സ് ഫൈബർ ചോയ്സിനെ വിപണിയിൽ ലഭ്യമായ മറ്റ് ഉൽപ്പന്നങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് ഇതാണ്.'പോഷകാഹാര ശാസ്ത്രത്തിലെ ആഗോള നേതൃത്വമെന്ന നിലയിൽ നെസ്‌ലെ ഇന്ത്യ ഹെൽത്ത് സയൻസ് എന്നും മാൻസി ഖന്ന പറഞ്ഞു. പോഷകാഹാരവുമായി ബന്ധപ്പെട്ട വിടവുകൾ നികത്തുകയും ആരോഗ്യമുള്ള ഒരു ഭാവിക്കായി നൂതന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. മലബന്ധം പരിഹരിക്കുകയും കുടലിന്റെ ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഉത്പന്നങ്ങൾക്ക് ഉപഭോക്താക്കൾക്കിടയിൽ ആവശ്യമേറെയാണ്. വിപണിയിൽ ധാരാളം ഉൽപ്പന്നങ്ങൾ ഉണ്ടെങ്കിലും, റിസോഴ്സ് ഫൈബർ ചോയ്സ് ഫലപ്രദവും സൗമ്യവുമായ പരിഹാരങ്ങൾക്കായുള്ള ആവശ്യകതയുടെ വിടവ് പരിഹരിക്കുന്നു. ഇത് രോഗപ്രതിരോധ പോഷകങ്ങളാൽ സമ്പന്നമാണ്, മാത്രമല്ല വിപണിയിലെ ഭൂരിഭാഗം ഉൽപ്പന്നങ്ങളിൽ നിന്നും വ്യത്യസ്തമായ രുചിയിലും ലഭ്യമാണ്. രുചിയിലോ ഘടനയിലോ മാറ്റമില്ലാതെ പാൽ, ജ്യൂസ് അല്ലെങ്കിൽ തൈര് എന്നിവയിൽ റിസോഴ്സ് ഫൈബർ ചോയ്സ് ഉപയോഗിക്കാൻ സാധിക്കും.ഈ സംരംഭത്തിലൂടെ, ആരോഗ്യമുള്ള ജീവിതങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത ഞങ്ങൾ വളർത്തുകയാണെന്നും മാൻസി ഖന്ന പറഞ്ഞു.




# എയർ ഇന്ത്യ എക്സ്പ്രസ് പൈലറ്റുമാരെയും ക്യാബിൻ ക്രൂവിനെയും റിക്രൂട്ട് ചെയ്യുന്നു

**കൊച്ചി :** എയർ ഇന്ത്യയുടെ ചെലവ് കുറഞ്ഞ വിമാനക്കമ്പനിയായ എയർ ഇന്ത്യ എക്സ്പ്രസ് ലിമിറ്റഡ് പൈലറ്റുമാരെ (കമാൻഡർമാരും ഫസ്റ്റ് ഓഫീസർമാരും) റിക്രൂട്ട് ചെയ്യാൻ ലക്ഷ്യമിട്ടുള്ള റോഡ്ഷോ സംഘടിപ്പിച്ചു. മുംബൈയിൽ നടന്ന പരിപാടി പൈലറ്റുമാരുടെ ഗണ്യമായ പങ്കാളിത്തത്തിന് സാക്ഷ്യം വഹിച്ചു. മെയ് 10, 11 തീയതികളിൽ ഡൽഹിയിലും മെയ് 12, 13 തീയതികളിൽ ബാംഗ്ലൂരിലും നടന്ന സമാനമായ റോഡ് ഷോകൾക്ക് പിന്നാലെയാണ് മുംബൈയിലെ റിക്രൂട്ട്മെന്റ് ഡ്രൈവ്. ഈ സെലക്ഷൻ പ്രോസസിൽ ഏകദേശം 300 പൈലറ്റുമാർ പങ്കെടുത്തു.പൈലറ്റുമാരുടെയും ക്യാബിൻ ക്രൂ അംഗങ്ങളുടെയും ഒഴിവുകൾ ലക്ഷ്യമിട്ട് കഴിഞ്ഞ വർഷം ഒക്ടോബർ മുതൽ എയർ ഇന്ത്യ എക്സ്പ്രസ് തൊഴിലാളികളെ ശക്തിപ്പെടുത്തുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ 280 പൈലറ്റുമാരെയും 250 ക്യാബിൻ ക്രൂ അംഗങ്ങളെയും എയർലൈൻ റിക്രൂട്ട് ചെയ്തു.ഡൽഹി, ബംഗളൂരു, മുംബൈ, ചെന്നൈ എന്നീ പ്രധാന മെട്രോകൾക്ക് പുറമേ, കൊച്ചി, കോഴിക്കോട്, ഇംഫാൽ, ഗുവാഹത്തി, സൂറത്ത്, അഹമ്മദാബാദ്, ഭോപ്പാൽ, മംഗലാപുരം തുടങ്ങിയ മറ്റ് നഗരങ്ങളിലും ക്യാബിൻ ക്രൂ വാക്ക്ഇൻ റിക്രൂട്ട്മെന്റ് ഡ്രൈവുകൾ എയർ ഇന്ത്യ എക്സ്പ്രസ് നടത്തുന്നുണ്ട്.എയർ ഇന്ത്യയുടെ ലോകോസ്റ്റ് കാരിയറുകളും ഉപസ്ഥാപനവുമായ എയർ ഇന്ത്യ എക്സ്പ്രസിന്റെയും എയർഏഷ്യ ഇന്ത്യയുടെയും നടന്നുകൊണ്ടിരിക്കുന്ന സംയോജനവും ലയനവും എയർലൈനിന്റെ സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തുന്നു. എയർ ഇന്ത്യയുടെ ടാറ്റ ഗ്രൂപ്പ് ഏറ്റെടുക്കലിന് പിന്നാലെ സമഗ്രമായ വളർച്ചയ്ക്കും പരിവർത്തനത്തിനും പദ്ധതി ആരംഭിച്ചുകഴിഞ്ഞു.എയർ ഇന്ത്യ എക്സ്പ്രസ് ലിമിറ്റഡ്, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യൻ ആഭ്യന്തര വിപണിയിലും ഹ്രസ്വദൂര അന്താരാഷ്ട്ര വിപണിയിലും സേവനം നൽകുന്നതിന് എയർ ഇന്ത്യയുടെയും ടാറ്റ ഗ്രൂപ്പിൻറെയും സംയുക്ത വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ പദ്ധതിയിടുന്നു.

## ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പ് സമാപിച്ചു

**കൊച്ചി:** നിർമ്മിത ബുദ്ധി വ്യാപകമാകുന്നതോടെ നിലവിലുള്ള പല ജോലികളും അപ്രസക്തമാകുമെങ്കിലും ഒരുപാട് പുതിയ മേഖലകൾ തുറന്നു വരുമെന്ന് സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോക്ടർ പ്രഹ്ളാദ് വടക്കേപ്പാട്ട് പറഞ്ഞു. പുതിയ സാങ്കേതിക വിദ്യകൾ പഠിക്കുന്നതിലുപരി സൃഷ്ടിപരമായ മികവുകൾ ആയിരിക്കും നാളെ കൂടുതൽ അവസരങ്ങൾ എന്നും അദ്ദേഹം പറഞ്ഞു. കളമശ്ശേരി സ്റ്റാർട്ട്അപ്പ് മിഷനിൽ നടന്നുവന്ന ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പിന് സമാപനം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്യാമ്പിന്റെ രണ്ടാം ദിവസം ചാനൽ ഐആം ഡയറക്ടർ നിഷാ കൃഷ്ണൻ, പ്രശസ്ത ആനിമേറ്റർ സുധീർ പി വൈ, അസിമോവ് ടെക്നോളജീസ് ടീം, ഫ്യൂച്ചർ ത്രീഡി സി. ഇ.ഒ കുളക്കട പ്രദീപ്, ഫ്യൂസിലേജ് ഡയറക്ടർ ദേവൻ ചന്ദ്രശേഖരൻ തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സംസ്ഥാനത്തെ ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പുകളിൽ നിന്നും തിരഞ്ഞെടുത്ത 130 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. ക്യാമ്പിൽ മികവ് പ്രകടിപ്പിച്ച കുട്ടികൾക്ക് സ്റ്റാർട്ട്അപ്പ് മിഷനുമായി സഹകരിച്ച് ഇന്നൊവേഷൻ പരിശീലനങ്ങൾ കൈറ്റ് ഏർപ്പെടുത്തുമെന്ന് സി ഇ ഒ കെ. അൻവർ സാദത്ത് പറഞ്ഞു.

**മാതൃദിനം:**

# അമ്മമാർക്ക് വെൽനെസ്സ് പാക്കേജുകളിൽ ഇളവുകളുമായി ആസ്റ്റർ മിംസ്

**കോഴിക്കോട്:** കോഴിക്കോട് ആസ്റ്റർ മിംസിൽ ലോക മാതൃദിനത്തോടനുബന്ധിച്ച് ജൂൺ 14 വരെ സ്ത്രീകൾക്കായി വെൽനെസ്സ് പാക്കേജുകൾ പ്രഖ്യാപിച്ചു. അമ്മമാരുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്ന പരിശോധനകളും വിവിധ ടെസ്റ്റുകളും ഉൾപ്പെടെ 7 പാക്കേജുകളിലായാണ് 50% ഡിസ്കൗണ്ട് പ്രഖ്യാപിച്ചിരിക്കുന്നത്. കൂടാതെ മാമ്മോഗ്രഫിയ്ക്കും 50 ശതമാനം കിഴിവും ലഭ്യമാണെന്ന് കോഴിക്കോട് ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊന്മാടത്ത് പറഞ്ഞു. ആരോഗ്യപ്രശ്നങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തിയാൽ കൂടുതൽ ഫലപ്രദമായ രീതിയിൽ അതിനെ കൈകാര്യം ചെയ്യാൻ സാധിക്കും. വ്യത്യസ്ത പ്രായക്കാർക്കും അവരുടെ വിവിധ ആരോഗ്യ ആവശ്യങ്ങൾക്കും അനുയോജ്യമായ പാക്കേജുകളാണ് ആസ്റ്റർ മിംസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ ഓരോ അമ്മമാർക്കും ഏറ്റവും മികച്ച പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ആസ്റ്റർ മിംസ് പ്രതിജ്ഞാബദ്ധരാണെന്നും ലുക്മാൻ പൊന്മാടത്ത് പറഞ്ഞു. സ്ത്രീകളുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നതിന് സമഗ്രമായ പരിശോധനകളും ടെസ്റ്റുകളും വാഗ്ദാനം ചെയ്യുന്നതിൽ ആസ്റ്റർ മിംസ് അഭിമാനിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു..ആസ്റ്റർ സിൽവർ പ്ലസ്, ആസ്റ്റർ ഗോൾഡ് പ്ലസ്, ആസ്റ്റർ സിൽവർ, ആസ്റ്റർ ഗോൾഡ്, ആസ്റ്റർ ബേസിക്, ആസ്റ്റർ ഹാർട്ട് ചെക്കപ്പ്, മാമ്മോഗ്രഫി എന്നിങ്ങനെ ഏഴ് പാക്കേജുകളിൽ നിന്ന് ഡോക്ടറുടെ പരിശോധന കൂടാതെ തന്നെ അവരവർക്ക് അനുയോജ്യമായ പാക്കേജ് സ്വയം തിരഞ്ഞെടുക്കാം. മുൻകൂട്ടി ബുക്കിംഗ് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 919539425653 എന്ന നമ്പറിലേക്ക് ബന്ധപ്പെടാവുന്നതാണ്.

# 'പ്രോ ഹോണ്ട' ;പുതിയ എൻജിൻ ഓയിൽ ശ്രേണി അവതരിപ്പിച്ചു




**കൊച്ചി:** ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ഹോണ്ട ടൂവീലറുകൾക്കായി 'പ്രോ ഹോണ്ട' എന്ന പുതിയൊരു എൻജിൻ ഓയിൽ ശ്രേണി അവതരിപ്പിച്ചു. ജപ്പാനിലെ ഹോണ്ട മോട്ടോർ കമ്പനിയുടെ ആഗോള ഓയിൽ ബ്രാൻഡാണ് പ്രോ ഹോണ്ട. 10ഡബ്ല്യു30 5ഡബ്ല്യു30 എന്നിങ്ങനെ രണ്ട് പുതിയ ഗ്രേഡുകൾ അവതരിപ്പിച്ചിട്ടുണ്ട്. 5 ഇൻ വൺ സാങ്കേതികവിദ്യയിലൂടെ ഘർഷണവും മലിനീകരണവും കുറച്ച് പരിസ്ഥിതി സൗഹൃദവുമാക്കുന്നുവെന്ന് ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാഥൂർ പറഞ്ഞു..ഉപഭോക്താക്കൾക്ക് മികച്ച ഉൽപ്പന്നങ്ങളും സേവനങ്ങളും തുടർച്ചയായി ലഭ്യമാക്കുകയെന്നതിന്റെ ഭാഗമായാണ് പ്രോ ഹോണ്ട എൻജിൻ ഓയിൽ അവതരിപ്പിച്ചിരിക്കുന്നതെന്നും യോഗേഷ് മാഥൂർ പറഞ്ഞു.രണ്ട് ഗ്രേഡുകളും എല്ലാ അംഗീകൃത ഹോണ്ട ടച്ച് പോയിന്റുകളിലും 600 മില്ലി, 800 മില്ലി, 900 മില്ലി, 1000 മില്ലി, 1200 മില്ലി എന്നിങ്ങനെ പാക്കുകളിൽ ലഭ്യമാണ്. പ്രോ ഹോണ്ട10ഡബ്ല്യു30 ഗ്രേഡിന്റെ വില 333 രൂപയിലും (800 മില്ലി), പ്രോ ഹോണ്ട 5ഡബ്ല്യു30 ഗ്രേഡിന്റെ വില 311 രൂപയിലും (600 മില്ലി) ആരംഭിക്കുന്നു.

## ഓൺലൈൻ പരിശീലന ക്ലാസ്സ്

**കൊച്ചി:** യു.ജി.സി.നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കായി കൊച്ചിൻ യുണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ യു.ജി.സി.നെറ്റ്/ജെ.ആർ.എഫ്. പേപ്പർ1 ന്, 75 മണിക്കൂർ നീണ്ടുനിൽക്കുന്ന ഓൺലൈൻ പരിശീലന ക്ലാസ്സ് ആരംഭിക്കുന്നു. ഫീസ് 5000 രൂപയാണ്. പങ്കെടുക്കുവാൻ താല്പര്യമുളവർ ഓഫീസുമായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.0484 2576756, 2862153

# വിദേശ രാജ്യങ്ങളിൽ കെഎസ് യുഎമ്മിന്റെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ തുടങ്ങുന്നു

**കൊച്ചി:** സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ പങ്കാളിത്തം വിപുലീകരിക്കുന്നതിൻറെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ വിദേശരാജ്യങ്ങളിൽ ഇൻഫിനിറ്റി കേന്ദ്രങ്ങൾ ആരംഭിക്കുന്നു.ഇതിലേക്കായി അതത് രാജ്യങ്ങളിൽ നിന്ന് പങ്കാളികളെ ക്ഷണിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനായി https://startupmission.in/startupcommons/. കെഎസ് യുഎം കേരളത്തിൽ നൽകുന്ന എല്ലാ സേവനങ്ങളും ഇൻഫിനിറ്റി കേന്ദ്രങ്ങൾ വഴി സ്റ്റാർട്ടപ്പ് സംരംഭകരായ പ്രവാസികൾക്കുൾപ്പെടെ ലഭ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ആദ്യഘട്ടത്തിൽ യുഎസ്എ, യുഎഇ, ആസ്ട്രേലിയ, യൂറോപ്പ് എന്നിവിടങ്ങളിലാണ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ തുറക്കുന്നത്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ള പ്രവാസികൾക്ക് ഈ കേന്ദ്രങ്ങൾ വഴി അത് സാധ്യമാക്കും. കെഎസ് യുഎം രജിസ്ട്രേഷനുൾപ്പെടെ ഈ കേന്ദ്രങ്ങൾ വഴി നടക്കും.കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ചരിത്രത്തിലെ ഏറ്റവും നിർണായകമായ കാൽവയ്പ്പാണ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ തുറക്കാനുള്ള തീരുമാനമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ലോകവിപണിയിലേക്കുള്ള വാതിലായി ഇതു മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശവിപണിയിലേക്ക് എളുപ്പത്തിൽ പ്രവേശനം ലഭിക്കും. വിദേശ സ്റ്റാർട്ടപ്പുകൾക്ക് ഇന്ത്യൻ വിപണിയിലേക്കുള്ള സുപ്രധാന ആശയവിനിമയ കേന്ദ്രമായി ഇത് മാറും. ഇതിനു പുറമെ, കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് പ്രവാസി സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിക്കാനും സാധിക്കും. നിക്ഷേപം, പുതിയ പദ്ധതികൾ, ആശയ കൈമാറ്റം എന്നിവ ഇൻഫിനിറ്റി കേന്ദ്രങ്ങൾ വഴി നടക്കും. സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പിന്തുണയ്ക്കുന്ന പ്രവാസി എയ്ഞ്ജൽ നിക്ഷേപകരെ കണ്ടെത്താനാകും. സംസ്ഥാനത്തെ ഐടി പദ്ധതികളിൽ പ്രവാസികളുടെ പങ്കാളിത്തം കൂട്ടുവാനും ഇതിലൂടെ പദ്ധതിയിടുന്നു.കേരളത്തിൽ കമ്പനി രജിസ്ട്രേഷനുള്ള എല്ലാ സഹായവും ഇൻഫിനിറ്റി കേന്ദ്രങ്ങളിലൂടെ ലഭിക്കും. വിദേശ കേന്ദ്രങ്ങളിൽ പ്ലഗ് ആൻഡ് പ്ലേ സംവിധാനം ഏർപ്പെടുത്തും. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് വിദേശത്ത് സ്വന്തം ഓഫീസില്ലാതെ ഇൻഫിനിറ്റി കേന്ദ്രങ്ങൾ വഴി പ്രവർത്തിക്കാൻ സാധിക്കും. ഉത്പന്ന രൂപീകരണം, വികസനം എന്നീ മേഖലകളിൽ ഇൻകുബേഷൻ സഹായവും ലഭിക്കും. കെഎസ് യുഎമ്മിൻറെ വിവിധ പരിപാടികളിൽ നിക്ഷേപകൻ, സംരംഭകൻ, സ്ഥാപകൻ, വിദഗ്ധോപദേഷ്ടാവ് എന്നീ നിലകളിൽ പങ്കെടുക്കാനാകും. കേരളത്തിലെ എയ്ഞ്ജൽ ശൃംഖലയുമായി ചേർന്ന് പ്രവർത്തിക്കാനും കെഎസ് യുഎം ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയിൽ പങ്കാളികളാകാനും സാധിക്കും.കെഎസ് യുഎമ്മിൻറെ ബിസിനസ്കോർപറേറ്റ് യോഗങ്ങൾ, ഡെമോ ഡേയ്സ്, ഹാക്കത്തണുകൾ, ഇനോവേഷൻ ചലഞ്ചുകൾ എന്നിവയിലെല്ലാം പങ്കെടുക്കാൻ സാധിക്കും.അതത് രാജ്യങ്ങളിലെ വിദേശപങ്കാളി വഴിയാകും ഇൻഫിനിറ്റി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

# 'അക്കുത്തിക്കുത്താന' തുടങ്ങി



**കൊച്ചി:** 'കാളച്ചേകോൻ' എന്ന ചിത്രത്തിനുശേഷം ഹരിഹരൻ സംവിധാനം ചെയ്യുന്ന 'അക്കുത്തിക്കുത്താന' എന്ന ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മവും എറണാകുളം 'അമ്മ' ഹാളിൽ വെച്ച് നിർവ്വഹിച്ചു.റെയിൻബോ ഫിലിംസിന്റെ ബാനറിൽ 'അക്കുത്തിക്കുത്താന' എന്ന ചിത്രത്തിൽ സിനിൽ സൈനുദ്ദീൻ നായകനാവുന്നു.ശ്രീജിത്ത് രവി,ഹരീഷ് കണാരൻ,സ്പടികം ജോർജ്,ഭീമൻ രഘു, അബു സലീം,ദേവൻ,നാരായണൻകുട്ടി, ചാലി പാലാ,ശിവജി ഗുരുവായൂർ,പ്രഷീബ്, ഷെജിൻ,അമൽ ജോർജ്,നഞ്ചിയമ്മ,കുളപ്പുള്ളി ലീല,മനീഷ, ഗായത്രി നമ്പ്യാർ, ആശ ഏഞ്ചൽ എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.കൂട്ടുകാർ, മറുത എന്നീ ചിത്രങ്ങൾക്ക് ശേഷം സതീഷ് ബാബു തിരക്കഥ സംഭാഷണമെഴുതുന്നു. ടി എസ് ബാബു ഛായാഗ്രഹണം നിർവഹിക്കുന്നു.വാസു അരീക്കോട്, ജിയാദ് മങ്കട,കെ എസ് ഹരിഹരൻ എന്നിവരുടെ വരികൾക്ക് ഭവനേഷ്,എം വി രാമദാസ്,ആചാര്യ എന്നിവർ സംഗീതം പകരുന്നു.ബേബി സാത്വിക സന്തോഷ്, അരുൺ പ്രഭാകരൻ, റെജി എന്നിവരാണ് ഗായകർ. പ്രൊഡക്ഷൻ ഡിസൈനർപിസി മുഹമ്മദ്,പ്രൊഡക്ഷൻ കൺട്രോളർനൗഷാദ് മുണ്ടക്കയം, പ്രൊഡക്ഷൻ കോഡിനേറ്റർആചാര്യ, ആർട്ട്സ്ശ്രീകുമാർ പൂച്ചാക്കൽ,മേക്കപ്പ്,ജയമോഹൻ,സംഘട്ടനം-അഷ്റഫ് ഗുരുക്കൾ,അസോസിയേറ്റ് ക്യാമറമാൻനാരായണ സ്വാമി.അട്ടപ്പാടിയിൽ ജൂലൈ ആദ്യം ഷൂട്ടിങ് ആരംഭിക്കുന്നു.പി ആർ ഒ എ എസ് ദിനേശ്.

# നവാസ് നിസാർ ട്രോഫി : സിഎബികെ സ്ട്രൈക്കേഴ്സ് ജേതാക്കൾ




**തിരുവനന്തപുരം:** കാഴ്ചപരിമിതരുടെ പത്താമത് ആൾ കേരള നവാസ് നിസാർ ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ സിഎബികെ സ്ട്രൈക്കേഴ്സ് ജേതാക്കളായി. ഒരു വിക്കറ്റ് നഷ്ടത്തിൽ 151 റൺസെടുത്ത് സിഎബികെ ബെറ്റാലിയൻസിനെ പരാജയപ്പെടുത്തി. സിഎബികെ ബെറ്റാലിയൻസിന് ടോസ് ലഭിച്ചെങ്കിലും ഫീൽഡിങ് തെരഞ്ഞെടുക്കുകയായിരുന്നു. 86 റൺസെടുത്ത ജിനീഷ് കെ എം ആണ് പ്ലെയർ ഓഫ് ദ മാച്ച്. ക്രിക്കറ്റ് അസോസിയേഷൻ ഫോർ ബ്ലൈൻഡ് ഇൻ കേരളയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലായിരുന്നു ടൂർണമെന്റ് ഫൈനൽ നടന്നത്.മെയ് 15ന് കൊച്ചിയിലായിരുന്നു ടൂർണമെന്റിന്റെ ആദ്യ മത്സരത്തിന് തുടക്കം കുറിച്ചത്. ആറ് ടീമുകളെ രണ്ട് ഗ്രൂപ്പുകളായി തിരിച്ചായിരുന്നു പ്രാഥമിക മത്സരം. ഇതിൽ നിന്നും ജയിച്ച ടീമുകൾ സെമിഫൈനലിലും തുടർന്ന് ഫൈനലിലും എത്തി. ഡിസബിലിറ്റി കമ്മീഷണർ പഞ്ചാപകേശൻ വിജയികൾക്ക് ട്രോഫി സമ്മാനിച്ചു. മുത്തൂറ്റ് സിഇഒ ഷാജി വർഗീസ്, മുത്തൂറ്റ് സിഎസ്ആർ ഹെഡ് പ്രശാന്ത് കുമാർ നെല്ലിക്കൽ, സിഎബികെ ജനറൽ സെക്രട്ടറി രജനീഷ് ഹെൻട്രി , എന്നിവർ സമാപന ചടങ്ങിൽ പങ്കെടുത്തു.

